
# താമരമൊട്ടുകൾ

വാല്യം 27 | ഏപ്രിൽ 2025 | ലക്കം 04 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## April 2025

| | | |
|---|---|---|
| 01 | 10.00 | Thamarassery |
| | 18.00 | Chembanoda |
| 02 | 06.30 | Thamarassery |
| | 09.00 | Cathedral |
| 03 | 06.30 | Korangad |
| 04 | 10.30 | Vettilappara |
| | 19.00 | Velamkode |
| 05 | 10.00 | Kozhikode |
| 06 | 07.00 | Mukkam |
| | 17.00 | Kuttipuram |
| 07 | 08.00 | Thamarassery |
| | 17.00 | Koorachundu |
| 08 - 09 | | Thamarassery |
| 09 | 18.30 | Kakkadampoil |
| 10 | 08.00 | Thamarassery |
| | 11.00 | Areekode |
| | 22.00 | Thamarassery |
| 11 | 09.00 | Kulathuvayal |
| | 20.30 | Kannoth |
| 12 | 10.30 | Thamarassery |
| | 12.00 | Cathedral |
| 13 | 07.00 | Cathedral |

| | | |
|---|---|---|
| 14 | 10.00 | Cathedral |
| | 18.30 | Pullurampara |
| 15 -16 | | Thamarassery |
| 17 | 07.00 | Cathedral |
| | 17.00 | Devagiri |
| 18 | 07.00 | Kalikavu |
| 19 | 18.00 | Thiruvambady |
| 20 | 03.00 | Cathedral |
| 21 | 11.30 | Thamarassery |
| 22 | 07.00 | Maramchatty |
| | 17.00 | Koorachundu |
| 23 | 09.30 | Thamarassery |
| 24 | 06.30 | Pushpagiri |
| | 10.00 | Thiruvambady |
| 25 | 07.00 | PMOC |
| | 16.00 | Balussery |
| 26 | 07.00 | Koorachundu |
| | 11.30 | Kodanchery |
| | 14.30 | PMOC |
| | 16.00 | Parappanangadi |
| 27 | 09.00 | Palakkad |
| 28 | 10.00 | Monipally |
| 29 - 30 | | Kulathuvayal |

വാല്യം 27 താമരമൊട്ടുകൾ ഏപ്രിൽ 2025 ലക്കം 04

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ'

(യോഹ. 20, 29)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 227 |
| 2. | പ്രോഗ്രാം ഏപ്രിൽ 2025 | 229 |
| 3. | സർക്കുലർ 07/2025 | 230 |
| 4. | സർക്കുലർ 04/2025 | 233 |
| 5. | സർക്കുലർ 05/2025 | 239 |
| 6. | നോമ്പുകാല സന്ദേശം | 242 |
| 7. | കച്ചേരിക്കാര്യം | 246 |
| 8. | വിശ്വാസപരിശീലനം | 251 |
| 9. | മദ്ബഹ ശുശ്രൂഷ സംഘം | 256 |
| 10. | വൊക്കേഷൻ ബ്യൂറോ | 257 |
| 11. | ലിറ്റർജി കമ്മീഷൻ | 258 |
| 12. | സെമിനാരി വാർത്തകൾ | 259 |
| 13. | ചെറുപുഷ്പ മിഷൻലീഗ് | 260 |
| 14. | സ്റ്റാർട്ട് | 262 |
| 15. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 265 |
| 16. | കെ.സി.വൈ.എം - എസ്.എം.വൈ.എം | 267 |
| 17. | കരിസ്മാറ്റിക് മൂവ്മെന്റ് | 268 |
| 18. | ജീസസ് യൂത്ത് | 271 |
| 19. | ക്രിസ്റ്റീൻ മിനിസ്ട്രി | 272 |
| 20. | ഫാമിലി അപ്പോസ്തോലേറ്റ് | 273 |
| 21. | കരുണാഭവൻ | 273 |
| 22. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 273 |
| 23. | ബഥാനിയ ധ്യാനകേന്ദ്രം | 275 |
| 24. | ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി | 278 |
| 25. | വികസനവേദി | 279 |
| 26. | യേശുനിധി | 284 |
| 27. | അജപാലനക്കുറിപ്പുകൾ | 285 |

# BIRTH DAY Greetings

Rev. Fathers

| | | |
|---|---|---|
| Mattappilly Sebastian | April | 2 |
| Neelamparambil Michael | | 3 |
| Palliyodil Joseph Christie | | 4 |
| Panthaladickal Joseph | | 5 |
| Chelackal George | | 7 |
| Koyipurath Jacob | | 14 |
| Muttathukunnel Wilson | | 14 |
| Srambickal Abraham | | 12 |
| Puthusseriputhenpura George | | 15 |
| Kochumundammalayil Francis | | 16 |
| Vellamackal Francis | | 17 |
| Puthiyaparambil Thomas | | 18 |
| Alappattukottayil Joseph | | 19 |
| Thittayil Mathew | | 19 |
| Kumpuckal George | | 21 |
| Kalathoor George | | 23 |
| Mulangassery Mathew | | 24 |
| Parankulangara Thomas | | 25 |
| Puthanpurakkal Joseph | | 25 |
| Chakkittamuriyil Thomas (Sr) | | 28 |

**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chelackal George | April | 24 |
| Cherupillattu Varkey | | 24 |
| Chemparathickal George | | 24 |
| Kadukanmakkel Geo | | 24 |
| Kalappurackal George | | 24 |
| Kalathoor Varghese | | 24 |
| Kalathoor George | | 24 |
| Karintholil George | | 24 |
| Karukamalil George | | 24 |
| Kumpuckal George | | 24 |
| Kuttikatt George | | 24 |
| Madathikunnel Varghese | | 24 |
| Moolechalil Varghese | | 24 |
| Mundackal George | | 24 |
| Mundanatt George | | 24 |
| Narivelil George | | 24 |
| Panackal Varghese | | 24 |
| Paimpillil George | | 24 |
| Purayidathil George | | 24 |
| Puthusseriputhenpura George | | 24 |
| Vellackakudiyil George | | 24 |
| Vellaramkalayil George | | 24 |
| Varikkassery George | | 24 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം ഏപ്രിൽ 2025

| | | |
|---|---|---|
| 04 | വെള്ളി | **ചരമദിനം: മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 07 | തിങ്കൾ | **ചരമദിനം : ഫാ. ആശാരിപറമ്പിൽ ജോർജ്ജ്** |
| 11 | വെള്ളി | നാല്പതാം വെള്ളി |
| 13 | ഞായർ | ഓശാന ഞായർ |
| 17 | വ്യാഴം | പെസഹാ വ്യാഴം |
| 18 | വെള്ളി | പീഡാനുഭവ വെള്ളി |
| 19 | ശനി | വലിയ ശനി |
| 20 | ഞായർ | ഉയിർപ്പ് തിരുനാൾ<br>**ചരമദിനം: മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 24 | വ്യാഴം | വി. ഗീവർഗ്ഗീസ് |
| 25 | വെള്ളി | വേദസാക്ഷികളുടെ തിരുനാൾ<br>വി. മർക്കോസ് സുവിശേഷകൻ |
| 27 | ഞായർ | പുതുഞായർ |
| 29 | ചൊവ്വ | സിയന്നായിലെ വി. കത്രീന |

*സർക്കുലർ 07/2025*

# യേശുനിധി

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

മിശിഹായുടെ പീഡാനുഭവ-മരണ ഉത്ഥാനത്തിന്റെ അനുസ്മരണ മായ വിശുദ്ധവാരത്തിലേക്ക് അടുത്തയാഴ്ച മുതൽ നാം പ്രവേശിക്കുകയാണല്ലോ. ഓശാനവിളികളുടെ മധ്യേയുള്ള ഈശോയുടെ ജറുസലേം പ്രവേശനവും, അന്ത്യത്താഴവും പാദം കഴുകൽ ശുശ്രൂഷയും കാൽവരിയിലെ യാഗാർപ്പണവും ഉയിർപ്പ് വിളംബരം ചെയ്യുന്ന ശൂന്യമായ കല്ലറയും ഒരിക്കൽകൂടി അനുസ്മരിച്ചുകൊണ്ട് വലിയ ആഴ്ചയിലെ ഹൃദയസ്പർശിയായ തിരുക്കർമ്മങ്ങളിലൂടെ ഉത്ഥാനത്തിന്റെ സന്തോഷം സ്വീകരിക്കാൻ നാം ഒരുങ്ങുന്നു. ഈശോയുടെ രക്ഷാകര രഹസ്യത്തിന്റെ ആഴമായ ചൈതന്യം വ്യക്തിപരമായും കുടുംബത്തിലും അനുഭവിക്കാൻ അൻപത് നോമ്പിന്റെ ഉപവാസവും പ്രാർഥനയും പരിത്യാഗവും നമുക്ക് കൃപ പ്രദാനം ചെയ്യട്ടെയെന്ന് പ്രാർഥിക്കുന്നു.

ദൈവം തന്ന അനുഗ്രഹങ്ങൾക്ക് നന്ദിയർപ്പിക്കുന്നതിനൊപ്പം, ഉള്ളത് അപരനുമായി പങ്കുവയ്ക്കാനും ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുകയാണ്. “ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. മൂന്നു ദിവസമായി അവർ എന്നോടുകൂടെയാണ്; അവർക്ക് ഭക്ഷിക്കാൻ യാതൊന്നുമില്ല. വഴിയിൽ അവർ തളർന്നുവീഴാൻ ഇടയുള്ളതിനാൽ ആഹാരം നല്കാതെ അവരെ പറഞ്ഞയയ്ക്കാൻ എനിക്ക് മനസ്സുവരുന്നില്ല” (മത്താ 15,32). ക്രിസ്തുവിന്റെ ഈ വാക്കുകൾ തങ്ങൾക്കുള്ള വിഭവങ്ങൾ പങ്കുവയ്ക്കാൻ ശിഷ്യസമൂഹത്തിനും വചനം ശ്രവിച്ചവർക്കും പ്രേരകമായി. നമ്മുടെ ഇടവകകളിൽ സ്വന്തമായി ഭവനമില്ലാ തെയും ചികിത്സയ്ക്ക് പണമില്ലാതെയും കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ സാധിക്കാതെയും വിഷമിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്. മക്കളുടെ വിവാഹ ചെലവുകൾ കണ്ടെത്താൻ ബുദ്ധിമുട്ടുന്ന നിർധനരായ മാതാപിതാക്കളും ധാരാളമാണ്. അവരുടെ ആവശ്യത്തിലും ഹൃദയവേദനയിലും ക്രിസ്തുവിന്റെ അതേ അനുക മ്പയോടെ ചേർന്നു നിൽക്കാൻ നമുക്ക് സാധിക്കണം. ശിഷ്യന്മാർ തങ്ങൾക്ക് ലഭിച്ച അഞ്ചപ്പവും രണ്ടുമീനും ക്രിസ്തുവിന്റെ മുൻപിൽ സമർപ്പിക്കാൻ തയാറായപ്പോൾ അവിടെ സമൃദ്ധിയും സന്തോഷവുമുണ്ടായി. ഉള്ളത് ഇല്ലാത്തവനുമായി പങ്കുവയ്ക്കാൻ പ്രത്യേകം താൽപര്യമെടുത്താൽ നമ്മുടെ ഇടവകകൾക്കും കുടുംബങ്ങൾക്കും സമൃദ്ധിയും ആനന്ദവും അനുഭവിക്കാൻ സാധിക്കും.

അൻപത് നോമ്പാചരണം ധന്യവും അർഥപൂർണവുമാകുന്നത് ഉദാരപൂർവമായ ദാനധർമ്മത്തിലൂടെയും പങ്കുവയ്ക്കലിലൂടെയുമാണ്. "മനുഷ്യപുത്രൻ വന്നിരിക്കുന്നത്, ശുശ്രൂഷിക്ക പ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകർക്ക് വേണ്ടി മോചനദ്രവ്യ മായി നല്കാനുമത്രേ" (മർക്കോ 10,45). കർത്താവിന്റെ ഈ വചനം സ്വീകരിച്ച്, പ്രാർഥനയിലൂടെയും ഉപവാസത്തിലൂടെയും ദാനദർമ്മത്തിലൂടെയും ക്രൂശിതനെ അനുയാത്ര ചെയ്യേണ്ട നോമ്പുകാലം ആർദ്രതയുടെയും അനുകമ്പയുടെയും സുവി ശേഷം സമൂഹത്തിൽ പ്രാവർത്തികമാക്കാൻ നമുക്ക് ശക്തിതരട്ടെ. മിശിഹായുടെ ശൂന്യവത്കരണത്തിന്റെയും ബലിയുടെയും പരമ കോടിയിലാണ് വിജാതിയനായ ശതാധിപൻ "സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു" (മർക്കോ. 15,39) എന്ന് സാക്ഷ്യപ്പെടുത്തുന്നത്. "ക്രിസ്തുവിനെപ്പോലെ നാം പങ്കുവയ്ക്കാനും ബലിയാകാനും തയാറാകുമ്പോൾ ദൈവപുത്രന്മാരായി രൂപാന്തരപ്പെടും. സ്വർഗരാജ്യത്തിന്റെ മക്കളാകാൻ ശ്രമിക്കുന്നവർ തങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രരുമായി പങ്കുവയ്ക്കണമെന്നും ദാനധർമ്മത്തോടെയുള്ള പ്രാർഥന ദൈവസന്നിധിയിൽ ശ്രവിക്കപ്പെടുമെന്നും അവർ നിത്യനാശത്തിൽനിന്നും തിന്മയുടെ ശക്തികളിൽ നിന്നും വിടുതൽ പ്രാപിക്കുമെന്നും" സഭാപിതാവായ വി. സിപ്രിയാൻ പഠിപ്പിക്കുന്നു *(Woks and Almsgiving 1;14)*. അപ്രകാരമുള്ള, എളിയതും കൂട്ടായപരിശ്രമവുമാണ് 'യേശുനിധി'യെന്ന ജീവകാരുണ്യ പ്രവർത്തനത്തിലൂടെ എല്ലാവർഷവും അൻപത് നോമ്പിന്റെ പരിസമാപ്തിയിൽ നാം ഏറ്റെടുക്കുന്നത്.


കാരുണ്യത്തിന്റെ ഈ സമാഹരണം ആരംഭിച്ചിട്ട് 29-ാം വർഷ ത്തിലേക്ക് നാം പ്രവേശിക്കുകയാണ്. യേശുനിധി ആരംഭിച്ചതു മുതൽ ഓരോ വർഷവും ലഭിച്ച സംഭാവന മുൻവർഷത്തെക്കാൾ ഒരിക്കലും കുറഞ്ഞിട്ടില്ലായെന്നത് എടുത്തുപറയേണ്ടതാണ്. കഴിഞ്ഞവർഷം നിങ്ങളുടെ ഉദാരമായ സംഭാവനകളിലൂടെ യേശുനിധിയിലേക്ക് ലഭിച്ചത് 64,22,834/- രൂപയാണ്. നടപ്പുസാമ്പത്തിക വർഷത്തിൽ, 2025 ഫെബ്രുവരി മാസം വരെ 469 നിർധന കുടുംബങ്ങൾക്കായി ചികിത്സ, വിദ്യാഭ്യാസം, വിവാഹം, ഭവനനിർമ്മാണം എന്നീ നാല് ആവശ്യങ്ങൾക്കായി 55,38,500/- രൂപ, നൽകിക്കഴിഞ്ഞു *(വിദ്യാഭ്യാസം 12,49,000 രൂപ, ഭവനനിർമ്മാണം 10,46,000 രൂപ, വിവാഹം 4,60,000 രൂപ, ചികിത്സ 26,38,500 രൂപ, മറ്റ് ജീവകാരുണ്യാവശ്യങ്ങൾ 1,45,000 രൂപ)*. നമ്മുടെ ഇടവകയിൽ കഷ്ടപ്പെടുന്ന കുടുംബങ്ങളെ സഹായിക്കുന്നതിന് യേശുനിധി പ്രയോജനപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഓർമിപ്പിക്കുന്നു. ആവശ്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കില്ലെങ്കിലും അത്യാവശ്യഘട്ടങ്ങളിൽ ഒരു സഹായമായി എല്ലാ കുടുംബങ്ങൾക്കും യേശുനിധി ഉണ്ടായിരിക്കും. കുടുംബകൂട്ടായ്മകളുടെ ഉത്തരവാദിത്തം വഹിക്കുന്നവർ, ഈ ജീവകാരുണ്യ ഫണ്ടിൽ നിന്ന് സഹായത്തിന് അർഹതയുള്ള കുടുംബങ്ങളുടെ കാര്യം ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഉചിതമായിരിക്കും.

ഈ വർഷവും ഓശാന ഞായറാഴ്ച വി. കുർബാനമധ്യേയാണ് യേശുനിധിയിലേക്കുള്ള സംഭാവന സ്തോത്രക്കാഴ്ചയായി സ്വീകരിക്കുന്നത്. ഇതിനാവശ്യമായ കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിക്കുന്നതായിരിക്കും. സഹായം അർഹിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ഏറ്റവും കുറഞ്ഞത് നിങ്ങളുടെ കുടുംബത്തിന്റെ ഒരു ദിവസത്തെ വരുമാനമെങ്കിലും നൽകണമെന്ന് പാവപ്പെട്ടവർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുന്നു. ശമ്പളം ലഭിക്കുന്നവർ ഒരു ദിവസത്തെ വേതനവും മറ്റുള്ളവർ വരവനുസരിച്ച് ആനുപാതികമായ സംഖ്യയും യേശുനിധിയിലേക്ക് നൽകുമല്ലോ. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ നൽകിയപ്പോഴെല്ലാം അത് എനിക്ക് തന്നെയാണ് നൽകിയത് എന്ന ക്രിസ്തുനാഥന്റെ തിരുമൊഴികൾ (മത്താ. 25,40) നമുക്ക് പ്രചോദനമാകട്ടെ.

നാം അനുഷ്ഠിക്കുന്ന കാരുണ്യപ്രവൃത്തികൾക്ക്, ആഗോളസഭയിൽ രക്ഷയുടെ ജൂബിയാഘോഷിക്കുന്ന ഈ വർഷം പ്രത്യേകമായ സ്ഥാനവും അർത്ഥവുമുണ്ട്. "എല്ലാത്തരം ദുരിതങ്ങളും അനുഭവിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാർക്ക് പ്രത്യാശ യുടെ സ്പഷ്ടമായ അടയാളങ്ങൾ നല്കാനായി നാം ഈ വിശുദ്ധവർഷത്തിൽ വിളിക്കപ്പെട്ടിരിക്കുന്നുവെന്ന്" പരിശുദ്ധ പിതാവ് പഠിപ്പിക്കുന്നുണ്ട് *(പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല ന.10).* യേശുനിധിയിലൂടെ സഹായഹസ്തവുമായി അപരന്റെ പാർശ്വം ചേർന്ന് നടക്കാൻ നാം ആഗ്രഹിക്കുമ്പോൾ ഈ ജൂബിലി വർഷത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള ശ്രമങ്ങളിലാണ് നാം ഏർപ്പെടുന്നത്. നിങ്ങൾ നൽകുന്ന ഏതു തുകയും അനേകം പേരുടെ ജീവിതത്തിന് പ്രത്യാശ നൽകുവാൻ ഉപകരിക്കും. അങ്ങനെ, ആദിമസഭയുടെ ചൈതന്യത്തിൽ നമുക്ക് എല്ലാം പങ്കുവച്ച്, ആശയറ്റ കുടുംബങ്ങൾക്കും വ്യക്തികൾക്കും താങ്ങും തണലുമാകാം.

നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹപ്രദമായ വലിയ ആഴ്ചയും സന്തോഷപ്രദമായ ഉയിർപ്പ് തിരുനാളും ആശംസിക്കുന്നു. നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 ഏപ്രിൽ 06 ഞായറാഴ്ച ദിവ്യബലിമധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

*സർക്കുലർ 04/2025*

# ക്രൈസ്തവ സമുദായ അവകാശ പ്രഖ്യാപന റാലിയും പൊതുസമ്മേളനവും

## 2025 ഏപ്രിൽ 5 ന് കോഴിക്കോട് മുതലക്കുളം മൈതാനിയിൽ

മിശിഹായിൽ സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, യുവജന സുഹൃത്തുക്കളേ, വാത്സല്യമുള്ള കുഞ്ഞുമക്കളേ,

സീറോ മലബാർ വിശ്വാസ സമൂഹത്തിൽ സമീപകാലത്തെ ചിന്തകളിൽ വീണ്ടും കടന്നുവന്ന പദമാണ് 'സമുദായം'. ഒരേ പ്രദേ ശത്ത് താമസിക്കുന്ന, ഒരേ താൽപര്യങ്ങളുള്ള, സ്വന്തമെന്ന ബോധ മുള്ള ആളുകളുടെ കൂട്ടത്തെ ആണ് സമുദായം എന്ന് വിശേഷിപ്പി ക്കുന്നത്. സീറോ മലബാർ സഭാംഗങ്ങളും സുറിയാനി കത്തോലിക്ക സമുദായ അംഗങ്ങളുമായ നമ്മൾ തനതായ വിശ്വാസം, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരം, ചരിത്രം, ഭാഷ, ഭക്ഷണരീതി, വസ്ത്രധാരണ രീതി തുടങ്ങിയവയിലൂടെ വ്യക്തിപരമായ സമുദായ സ്വത്വം പേറുന്നവരാണ്. അതിനാൽത്തന്നെ സ്വന്തമായ ഒരു വ്യക്തിത്വവും, അസ്തിത്വവും ഉള്ളവരാണ് സുറിയാനി ക്രൈസ്തവ സമുദായം.

മാമ്മോദീസായിലൂടെ ഈശോയുടെ മൗതിക ശരീരത്തിൽ അംഗങ്ങളായ നമ്മൾക്കിടയിൽ യഥാർത്ഥമായ ക്രിസ്തീയ സാഹോ ദര്യവും ഐക്യവും സ്നേഹവും സഹവർത്തിത്വവും ഉണ്ടാകണമെന്ന് ഈശോ ആഗ്രഹിച്ചിരുന്നു: 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'. (യോഹ 13:15) എന്ന് ഈശോ തന്റെ അപ്പസ്തോലന്മാരെ ഓർമ്മിപ്പിക്കുന്നുണ്ട്. ശിഷ്യന്മാ രുടെ ഇടയിൽ ഉണ്ടാകേണ്ട സ്നേഹത്തെ കുറിച്ചാണ് ഈശോ ഇവിടെ പറയുന്നത്. സമുദായ അംഗങ്ങൾക്കിടയിൽ ഉണ്ടായിരി ക്കേണ്ട ആഴമേറിയ സ്നേഹത്തെ കുറിച്ചും, നമുക്കൊരോരുത്തർക്കും ഉണ്ടായിരിക്കേണ്ട അസ്തിത്വപരമായ അഭിമാന ബോധത്തെക്കു റിച്ചും പത്രോസ്-പൗലോസ് അപ്പസ്തോലന്മാർ ലേഖനങ്ങളിലൂടെ നമ്മെ ഓർമിപ്പിച്ചിട്ടുണ്ട്.

ന്യൂനപക്ഷ മതസമൂഹമാണ് നാമെങ്കിലും ഭാരതത്തിന്റെയും പ്രത്യേകിച്ച് കേരളത്തിന്റെയും വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക പുരോഗതിയിൽ ഈ സമുദായം അനുഷ്ഠിച്ച സേവനങ്ങൾ വിലപ്പെട്ടതാണ്. അയിത്തം, ബഹുഭാര്യത്വം, ശൈശവ വിവാഹം, ഉച്ചനീചത്വം, നരബലി തുടങ്ങിയ ദുരാചാരങ്ങളുടെ നേർച്ചുഴിയിൽപ്പെട്ട് ഒരു ജനസമൂഹം മുഴുവൻ ഇരുണ്ട

കാലഘട്ടത്തിൽ കഴിഞ്ഞപ്പോൾ ഈ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നിശബ്ദ സമരം നടത്തി ഭാരതത്തിന്റെയും പ്രത്യേകിച്ച് കേരളത്തിന്റെയും സാംസ്കാരിക പുരോഗതിയിലേക്കുള്ള മുന്നേറ്റത്തിന് വേഗം കൂട്ടിയവരാണ് ഇവിടുത്തെ ക്രിസ്ത്യാനികൾ. കേരളത്തിന്റെ നവോഥാന നായകരുടെ സ്ഥാനത്ത് ഏറ്റവും മുൻപന്തിയിൽ പേരുചേർക്കപ്പെടേണ്ട വി. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ നേതൃത്വത്തിൽ പള്ളിക്കൊപ്പം പള്ളിക്കൂടങ്ങൾ തീർത്തും, നമ്മുടെ പൂർവികർ അവരുടെ ഭവനങ്ങളിൽ നിന്ന് പിടിയരി പിരിവ് നടത്തി ഈ പള്ളിക്കൂടങ്ങളിലെ നിർധനരായ വിദ്യാർഥികൾക്ക് ഉച്ച കഞ്ഞി കൊടുത്തുമാണ് കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ക്രൈസ്തവസമൂഹം അടിത്തറ പാകിയത്.

നാമെല്ലാം ഇന്ത്യക്കാരാണെന്ന ആശയം ആദ്യമായി അവത രിപ്പിച്ചതും സ്വയംഭരണ ചിന്താഗതി വളർത്തിയതും വിദേശ മേധാവിത്വത്തിനെതിരെ ആദ്യമായി സമര കാഹളം മുഴക്കിയതും ക്രൈസ്തവർ ആയിരുന്നു. ഗാന്ധിജിക്കൊപ്പം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയവരുടെ നിരയിൽ ക്രൈസ്തവരും ഉണ്ടായിരുന്നു; ടൈറ്റസ് തേവർത്തുണ്ടിയിൽ, ബാരിസ്റ്റർ ജോർജ് ജോസഫ്, അക്കാമ ചെറിയാൻ തുടങ്ങിയവർ ചില ഉദാഹരണങ്ങൾ മാത്രം. സർ സിപിയുടെ നേതൃത്വത്തിൽ ദേശീയ പ്രസ്ഥാനത്തിന് കേരള മണ്ണിൽ വിലക്കേർപ്പെടുത്തിയപ്പോൾ ദേശീയ പ്രസ്ഥാനത്തിന് പ്രവർത്തിക്കാനും മീറ്റിങ്ങുകൾ കൂടാനും നമ്മുടെ പള്ളികളും പള്ളിമേടകളും തുറന്നിട്ടു കൊടുത്ത പാരമ്പര്യം ഉള്ളവരാണ് ഇവിടെയുള്ള ക്രിസ്ത്യാനികൾ. സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാനുള്ള അനുവാദത്തിന് വേണ്ടി നടന്ന ചാന്നാർ ലഹളക്ക് ആക്കം കൂട്ടിയത് മേൽവസ്ത്രം ധരിച്ചുകൊണ്ടുള്ള ക്രിസ്ത്യൻ സ്ത്രീകളുടെ ചെറുത്തുനിൽപ്പായിരുന്നു.

നിധിയിരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ 1891ൽ മലയാളി മെമ്മോറിയൽ എന്ന പേരിൽ നടന്ന ഭീമഹർജി സമർപ്പണം സർക്കാരിന്റെ ഉയർന്ന ജോലികൾ മലയാളികൾക്ക് ലഭിക്കണം എന്ന സമുദായ അംഗങ്ങളുടെ ആവശ്യത്തിന്റെ പ്രതിഫലനമായിരുന്നു. മലയാളി മെമ്മോറിയൽ നിവേദന സമർപ്പണത്തിന് ശേഷവും കത്തോലിക്കരോടുള്ള അനീതി തുടർന്നപ്പോൾ ജോൺ നിധീരി, തരിയത്ത് കുഞ്ഞിത്തൊമ്മൻ എന്നിവരുടെ നേതൃത്വത്തിൽ സമത്വവാദ പ്രക്ഷോഭങ്ങൾ ആരംഭിച്ചു. പ്രതിനിധി സഭകളിൽ കത്തോലിക്കർക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവർത്തന പ്രക്ഷോഭം എന്ന സമര രീതി നമ്മുടെ പൂർവികർ നടത്തി. ക്രൈസ്തവ സമുദായത്തെ അശക്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ നമ്മുടെ പൂർവികർ ത്യാഗം ചെയ്ത് കെട്ടിപ്പൊക്കിയ പള്ളിക്കൂടങ്ങൾ ഏറ്റെടുക്കുക എന്ന സർ സി. പി യുടെ വിദ്യാലയ ദേശസാൽക്കരണ നീക്കത്തിനെതിരെ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ സമുദായ അംഗങ്ങൾ സംഘടിച്ചു. സ്വാതന്ത്ര്യാനന്തരം കേരളത്തിലെ ആദ്യത്തെ സർക്കാർ ന്യൂനപക്ഷ

അവകാശങ്ങളെ ധ്വംസിക്കുന്ന വിദ്യാഭ്യാസ നിയമങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ കത്തോലിക്ക കോൺഗ്രസ് ശക്തമായി പ്രതിരോധിച്ചു. ഇതാണ് ചരിത്ര പ്രസിദ്ധമായ വിമോചന സമരത്തിലേക്ക് നയിച്ചത്.

ക്രൈസ്തവ സമുദായത്തിന്റെ സേവനങ്ങൾ ക്രൈസ്തവർക്ക് വേണ്ടി മാത്രമായിരുന്നില്ല, മാനവരാശിയുടെ നന്മയെ മുഴുവൻ കണ്ടു കൊണ്ടുള്ള തായിരുന്നു. പ്രത്യേകിച്ച് അടിച്ചമർത്തപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനു വേണ്ടിയുള്ളവയായിരുന്നു. പൊതുനന്മയെ ലക്ഷ്യം വെച്ച് എന്നും പ്രവർത്തിച്ചിട്ടുള്ള ഈ സമുദായം, രാജ്യത്തും ഈ സംസ്ഥാനത്തും ഇന്ന് വ്യത്യസ്തവും ഗൗരവപ്പെട്ടതുമായ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ ഈ വെല്ലുവിളികൾക്ക് അടിസ്ഥാന കാരണം ഭരണാധികാരികളുടെ കെടുകാര്യസ്ഥതയും, അവഗണനയും, പ്രീണന രാഷ്ട്രീയവുമാണ്. ഈ മേഖലകളിലെ പ്രതിസന്ധികൾ ഒരു സമുദായമെന്ന നിലയിൽ നമ്മുടെ നിലനിൽപ്പിനെയും സ്വത്വബോധത്തെയും നശിപ്പിക്കുന്നു ണ്ട്. അതിനാൽ ചരിത്രത്തിൽ നമ്മുടെ പൂർവികർ സംഘടിച്ചതു പോലെ ഒരു സമുദായം എന്ന നിലയിൽ സംഘടിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു.

താഴെ ചേർക്കുന്ന വിഷയങ്ങൾ ഈ കാലഘട്ടത്തിൽ നമ്മൾ നേരിടുന്ന പ്രധാന പ്രതിസന്ധികളാണ്:

1. **ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്:** ജനസംഖ്യ യിൽ ന്യൂനപക്ഷമായ കേരളത്തിലെ ക്രൈസ്തവവിഭാ ഗങ്ങളുടെ വിദ്യാഭ്യാസസാമൂഹിക സാമ്പത്തികപിന്നാക്കാ വസ്ഥ പഠിച്ചു ക്ഷേമപദ്ധതികൾ നിർദേശിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ, 2023 മെയ് 17നു സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചെങ്കിലും നടപടിക്രമങ്ങളുടെ നൂലാമാലകളിൽ കുരുക്കി അതിന്റെ ഉള്ളടക്കം പരസ്യമാക്കാത്ത സാഹചര്യമാണുള്ളത്. കേരള ക്രൈസ്തവ സമൂഹത്തിന്റെ അതിജീവനത്തിനും നിലനിൽ പ്പിനും സഹായകമായ 284 നിർദേശങ്ങളുണ്ടെന്നു കരുത പ്പെടുന്ന ആ റിപ്പോർട്ട് പുറത്തു വരാത്തതിനു പിന്നിൽ സ്ഥാപിതതാത്പര്യങ്ങൾ ഉണ്ടെന്ന് സംശയിക്കേണ്ടിയിരി ക്കുന്നു.

2. **ന്യൂനപക്ഷ സ്കോളർഷിപ്പുകളിലെ അനീതി:** ന്യൂനപക്ഷ സ്കോളർഷിപ്പുകളിലെ 80:20 അനീതിക്കെതിരെയുള്ള ഹൈക്കോടതി വിധി നീതിപൂർവമായി നടപ്പിലാക്കാൻ ഉള്ളതിന് പകരം ജനങ്ങളുടെ നികുതിപ്പണം എടുത്ത് സർക്കാർ തന്നെ 80:20 എന്ന അനീതിപരമായ സ്കോളർഷിപ്പ് വിതരണം നടപ്പിലാക്കി കിട്ടണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ നൽകി വാദിച്ചുകൊണ്ടിരിക്കുന്നു. ഇത് ക്രൈസ്തവ

ന്യൂനപക്ഷ സമുദായത്തോടുള്ള കടുത്ത വെല്ലുവിളിയാണ്. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ യഥാകാലം വിതരണം ചെയ്യാതിരിക്കുകയോ നിർത്തലാക്കുകയോ ചെയ്യപ്പെട്ടിരിക്കുന്നു.

3. **സംവരണത്തിലെ അനീതി:** സാമ്പത്തിക സംവരണമായ EWS സംവരണത്തിന്റെ മാനദണ്ഡങ്ങളെ തെറ്റായി വ്യാഖ്യാനിച്ച് കഴിഞ്ഞ മൂന്നു വർഷമായി സംവരണത്തിന് അർഹരായ അനേകം അപേക്ഷകർക്ക് നീതി നിഷേധിക്കുന്നു. ഭരണഘടനാ തത്വങ്ങളെ ലംഘിക്കുന്ന മത സംവരണം നടപ്പിലാക്കുന്നത് ഭരണഘടന മൂല്യങ്ങളെ തന്നെ നോക്കു കുത്തിയാക്കുന്നതിന് തുല്യമാണ്. ഇതിലൂടെ യഥാർഥത്തിൽ സംവരണം ലഭിക്കേണ്ട വിഭാഗങ്ങളുടെ ന്യായമായ അനുകൂല്യ ങ്ങൾ ബോധപൂർവം നിഷേധിക്കുന്നു.

4. **വന നിയമങ്ങളിലെ കാട്ടുനീതി:** 1971 ഫോറസ്റ്റ് വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ് ആക്ട് അമെൻഡ്മെന്റ് 2023 പ്രകാരം പട്ടയമടക്കം മതിയായ രേഖകൾ ഉള്ള മലയോര കർഷകന്റെ കിടപ്പാടവും കൃഷിഭൂമിയും വനംവകുപ്പിന് പിടിച്ചെടുക്കാം എന്ന നിയമം 2023 ജൂലൈ മാസത്തിൽ പൊതുസമൂഹത്തിന്റെ ശ്രദ്ധ ക്ഷണിക്കാതെ നിയമസഭയിൽ പാസാക്കിയിരിക്കുന്നു.

5. **പരിസ്ഥിതി നിയമങ്ങളുടെ ദുരുപയോഗം:** പരിസ്ഥിതി നിയമങ്ങളുടെ മറവിൽ കപട പരിസ്ഥിതിവാദികളുടെ ദല്ലാളന്മാരായി നിന്നുകൊണ്ട് ഇ എസ് എ, ഇ എസ് സെഡ്, ബഫർ സോൺ തുടങ്ങിയ പേരുകളിൽ കൃഷി ഭൂമിയും കിടപ്പാടവും ഫോറസ്റ്റ് നിയമങ്ങളുടെ പരിധികൾ കൊണ്ടുവന്ന് ജനജീവിതം ദുസഹമാക്കുന്ന, മൗലികാവകാ ശത്തെ ധ്വംസിക്കുന്ന, ഭരണാധികാരികളുടെ ഏകാധിപത്യ പ്രവണതകൾ വർധിച്ചുവരുന്നു.

6. **വന്യജീവി ആക്രമണം:** മനുഷ്യത്വരഹിതമായ കർശന വന നിയമങ്ങൾ കൊണ്ടുവന്ന്, വന്യമൃഗങ്ങളെ ശാസ്ത്രീയമായി നിയന്ത്രിക്കാതെ, കാടിന്റെ ഫലഭൂയിഷ്ഠത നശിപ്പിച്ച് ജനവാസ മേഖലകളിലേക്ക് അവയെ ഇറക്കത്തക്ക രീതിയിൽ വനം വകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇതുമൂലം ദിവസവും എത്രയോ മനുഷ്യജീവനകൾ പൊലിഞ്ഞു പോകുന്നു.

7. **കാർഷിക മേഖലയിലെ പ്രതിസന്ധികൾ:** നെൽകൃഷിയും, നാണ്യവിള കൃഷിയും, റബർ കൃഷിയും വലിയ പ്രതിസന്ധി കളിലൂടെ കടന്നുപോകുന്നു. ഉല്പാദന ചെലവ് വർധിക്കുന്നു, കായ് ഫലങ്ങൾക്ക് ന്യായമായ വില ലഭിക്കാതെ വരുന്നു, ഏതെങ്കിലും തരത്തിലുള്ള കൃഷിനാശം ഉണ്ടായാൽ കർഷകന് ന്യായമായ നഷ്ടപരിഹാരം

ലഭ്യമാകാത്ത സാഹചര്യം നിലനിൽക്കുന്നു. പക്ഷി പനി പോലെയുള്ള പകർച്ചവ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിയാത്തതിനാൽ കോഴി, താറാവ് കൃഷിക്കാരും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. ക്രൈസ്തവരിൽ ഭൂരിപക്ഷവും കൃഷിയെ ആശ്രയിച്ച് കഴിയുന്നവർ ആയതിനാൽ കാർഷിക മേഖലയിലെ പ്രതിസന്ധികൾ ഈ സമുദായ ത്തെ ആകമാനം അദൃശ്യ ദാരിദ്ര്യത്തിലേക്ക് (Invisible Povetry) വലിച്ചിഴച്ചിരിക്കുന്നു.

8. **എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി:** ന്യൂനപക്ഷ അവകാശങ്ങളുടെ ഭാഗമായ അധ്യാപക അനധ്യാപക നിയമനങ്ങൾ വിവിധ കാരണങ്ങളാൽ അട്ടിമറിക്കപ്പെടുന്നു. യഥാസമയം നിയമനങ്ങൾ നടക്കാത്തത് എയ്ഡഡ് വിദ്യാഭ്യാസ മേഖലയുടെ കാര്യക്ഷമതയെയും പഠന നിലവാരത്തെയും ബാധിക്കുന്ന പ്രശ്നമായി വളർന്നിരിക്കുന്നു. ന്യൂനപക്ഷ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമുദായത്തിന് ലഭിക്കേണ്ട 20% കമ്മ്യൂണിറ്റികോട്ട നേർപ്പകുതിയായി വെട്ടി ചുരുക്കിയിരിക്കുന്നു.

9. **ക്രൈസ്തവ സമുദായത്തിനെതിരെ നടക്കുന്ന കുപ്രചരണ ങ്ങൾ:** ക്രൈസ്തവ സമൂഹം പൊതുസമൂഹത്തിന് നൂറ്റാണ്ടുകളായി നാനാ തുറകളിൽ ചെയ്ത വിലമതിക്കാനാകാത്ത സംഭാവനകളെയും നന്മകളെയും തകർക്കുക എന്ന ലക്ഷ്യത്തോടെ നിരന്തരം സഭയെക്കുറിച്ചും സമുദായത്തെക്കുറിച്ചും തെറ്റായ പ്രചരണങ്ങൾ അഴിച്ചുവിട്ട് സമുദായത്തിന്റെ കെട്ടുറപ്പ് തകർക്കാൻ സംഘടിത ശ്രമം നമുക്ക് ചുറ്റും നടക്കുന്നുണ്ട്.

10. **ലഹരിയുടെ നീരാളി പിടുത്തം:** വിദ്യാർത്ഥികളെയും ചെറുപ്പക്കാരെയും നശിപ്പിക്കുന്നതരത്തിൽ ലഹരി മാഫിയ കേരളത്തിൽ ശക്ത മായിരിക്കുന്നു. മദ്യം നിരോധിച്ചാൽ മയക്കു മരുന്ന് വ്യാപിക്കും എന്ന പൊള്ളയായ സർക്കാർ വാദങ്ങളെ തള്ളിക്കളയാൻ പ്രേരിപ്പിക്കുന്ന വിധത്തിൽ മദ്യവും മയക്കു മരുന്നും രാസലഹരിയും വ്യാപകമായി ക്കൊണ്ടിരിക്കുന്നു. കേരളത്തിലെ പോലീസ് സംവിധാനത്തിന് പോലും അവയെ നിയന്ത്രിക്കാൻ കഴിയാത്ത വിധത്തിൽ ലഹരി മാഫിയ കേരളത്തെ കീഴടക്കിയിരിക്കുന്നു.

ഈ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ രൂപത വലിയൊരു മുന്നേറ്റത്തിന് നാന്ദി കുറിക്കുകയാണ്. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസിന്റെ താമരശ്ശേരി രൂപതാഘടകത്തിന്റെ ആഭിമുഖ്യത്തിൽ രൂപതയിലെ വിവിധ സംഘടനകളുടെയും ഇടവകകളുടെയും നേതൃത്വത്തിൽ 'ക്രൈസ്തവ സമുദായ അവകാശ പ്രഖ്യാപന റാലിയും പൊതുസമ്മേളനവും' 2025 ഏപ്രിൽ 5 ശനിയാഴ്ച കോഴിക്കോട് മുതലക്കുളം മൈതാനത്ത് വച്ച് നടത്തുന്നു. നമ്മുടെ

സമുദായത്തെ ബാധിക്കുന്ന വിവിധങ്ങളായ വിഷയങ്ങൾ ശക്തമായി ചർച്ച ചെയ്യപ്പെടുന്ന ഈ പരിപാടിയിൽ അണിചേരാൻ ഞാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൗണ്ടിൽ നിന്ന് ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ആരംഭിക്കുന്ന റാലി മുതലക്കുളം മൈതാനിയിൽ എത്തിച്ചേരുകയും, അവിടെവച്ച് പൊതുസമ്മേളനം നടത്തുകയും ചെയ്യും. തലശ്ശേരി അതിരൂപ താധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സമ്മേളനം ഉദ്ഘാ ടനം ചെയ്യും.

എല്ലാ ഇടവകകളിൽ നിന്നും ഈ മഹാസമ്മേളനത്തിലേക്ക് ആളുകളെ എത്തിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചൻമാർ നേതൃത്വം നൽകണം. ഇടവകകളിൽ വിവിധ സംഘടനകളുടെ നേതാക്കളെ ഉൾപ്പെടുത്തി പബ്ലിസിറ്റി, മോബിലൈസേഷൻ കമ്മറ്റികൾ രൂപീകരിക്കണം. പരമാവധി ആളുകളെ റാലിയിൽ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ വാഹന സൗകര്യങ്ങൾ ഇടവകയിൽ നിന്ന് പൊതുവായി ക്രമീകരിക്കുന്നതിന് മുൻകൂട്ടി തന്നെ കമ്മറ്റി അംഗങ്ങളിൽ നിന്ന് ഉത്തരവാദിത്തപ്പെട്ടവരെ തിരഞ്ഞെടുത്ത് ഏൽപ്പിക്കണം, കുടുംബ കൂട്ടായ്മയുടെ ലീഡർമാരുടെ നേതൃത്വത്തിൽ ഓരോ ഇടവകയിൽ നിന്നും കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായ പങ്കാളിത്തം ഉറപ്പാക്കാൻ ബഹു. വികാരിയച്ച ന്മാരുടെ പ്രത്യേക ശ്രദ്ധ അഭ്യർഥിക്കുന്നു.

റാലിയെയും പൊതുസമ്മേളനത്തെയും സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ വികാരിയച്ചന്മാരെ അറിയിക്കുന്നതാണ്.

ഇസ്രായേലിന്റെ കരുത്തുറ്റ നേതാവായിരുന്ന നെഹമിയായെപ്പോലെ നമ്മുടെ സഭയ്ക്ക് ചുറ്റും സമുദായമാകുന്ന സംരക്ഷണത്തിന്റെ കോട്ടമതിൽ കെട്ടാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം.

ഈശോ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,



✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ 2025 മാർച്ച് 23 ഞായറാഴ്ച ദിവ്യബലിമധ്യേ വായിച്ചതാണ്.*

*സർക്കുലർ 05/2025*

# കുഞ്ഞിന് ഒരു കൈത്താങ്ങ്

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, വത്സല കുഞ്ഞുങ്ങളേ,

മംഗളവാർത്ത തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹ പൂർവ്വം ആശംസിക്കുന്നു! ഗബ്രിയേൽ മാലാഖ രക്ഷയുടെ സദ്വാർത്ത പരിശുദ്ധ അമ്മയോട് വെളിപ്പെടുത്തുന്നതിന്റെ അനുസ്മരണമായ മംഗളവാർത്ത ജീവനുവേണ്ടിയുള്ള ദിനമായി ആഗോളസഭ ആചരിക്കുന്നു. സന്താനപുഷ്ടിയുള്ളവരായി പെരുകുവാനും ഭൂമിയിൽ നിറഞ്ഞ് അതിനെ പരിപാലക്കുവാനും (ഉൽപ 1,28) പ്രപഞ്ച സൃഷ്ടിയുടെ അവസരത്തിൽ ദൈവം മനുഷ്യനെ അനുഗ്രഹിക്കുന്നത് ജീവന്റെ മഹത്വം അവതരിപ്പിക്കുവാനാണ്.

ജീവന്റെ സുവിശേഷം സഭയിൽ പ്രഘോഷിക്കാനും അതിന് സാക്ഷ്യം നല്കാനുമായി സ്ഥാപിതമായിരിക്കുന്ന അജപാലന സംവിധാനമാണ് പ്രോലൈഫ് പ്രേഷിതത്വം. ദൈവത്തിന്റെ സുന്ദര ദാനമായ ജീവനെ അതിന്റെ സ്വാഭാവികമായ ആരംഭം മുതൽ സ്വാഭാവികാന്ത്യം വരെ പരിപോഷിപ്പിക്കാനും സംരക്ഷിക്കാനുമുള്ള ഓരോ ക്രൈസ്തവന്റെയും ഉത്തരവാദിത്വത്തിനാണ് ഈ പ്രേഷിത പ്രവർത്തനം സവിശേഷമായ പ്രാധാന്യം നല്കുന്നത്. “ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്’ (യോഹ 10,10) എന്ന ഈശോയുടെ വചനങ്ങൾ, നമ്മുടെ പ്രവർത്തനങ്ങളിൽ മാർഗദീപമാകട്ടെയെന്ന് പ്രാർഥിക്കുന്നു.

രൂപതയിൽ പ്രോലൈഫ് അപ്പസ്തോലേറ്റ് നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന്റെ ജനനം മുതൽ പഠനം അവസാനിക്കുന്നതുവരെ ആ കുഞ്ഞുങ്ങൾക്ക് ആവശ്യമായ സാമ്പത്തികവും മറ്റ് ഭൗതീക വുമായ സഹായങ്ങൾ നല്കുന്നുണ്ട്. പ്രോലൈഫ് പ്രേഷിതത്വത്തിന്റെ ഗൗരവമായ അജപാലനപ്രാധാന്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ പ്രവേശകകൂദാശകൾ കുഞ്ഞുങ്ങൾക്ക് പരികർമ്മം ചെയ്യുവാൻ രൂപതാദ്ധ്യക്ഷൻ എന്നരീതിയിൽ ഞാൻ സന്നിഹിതനാകും. പ്രോലൈഫിന്റെ വിജയകരമായ പ്രവർത്തനങ്ങളിലൂടെ, നമ്മുടെ രൂപതയിൽ ഏകദേശം 700 ഓളം കുടുംബങ്ങൾ നാലോ അതിലധികമോ കുട്ടികളുള്ള വലിയ ഭവനങ്ങളായി ഇന്ന് മാറിയിരിക്കുന്നു. ജീവന്റെ മാഹാത്മ്യവും വിവാഹത്തിന്റെ പവിത്ര തയും ദൈവം തരുന്ന കുഞ്ഞുങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും ഈ അപ്പസ്തോലേറ്റ് വിവിധങ്ങളായ ശുശ്രൂഷകളിലൂടെ ദൈവജനത്തെ ബോധവത്കരിക്കുന്നുണ്ട്. അങ്ങനെ,

തീക്ഷ്ണവും ദൈവാനുഗ്രഹപ്രദവുമായ കർമ്മപദ്ധതികളിലൂടെ 'താമരശ്ശേരി രൂപത പ്രോലൈഫ് പ്രേഷിതത്വം' കേരളസഭയിൽ ഇന്നും ഏവർക്കും മാതൃകയായി തുടരുന്നു. വി. ഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു, "വിവാഹം കഴിച്ച് സന്താന ങ്ങൾക്ക് ജന്മം നല്കുവിൻ. നിങ്ങളുടെ പുത്രീപുത്രൻമാരെയും വിവാഹം കഴിപ്പിക്കു വിൻ; അവർക്കും മക്കളുണ്ടാകട്ടെ. നിങ്ങൾ പെരുകണം നിങ്ങളുടെ സംഖ്യ കുറഞ്ഞുപോകരുത്" (ജെറ 29,6). പ്രസ്തുത ദൈവവചന ത്തിന്റെ ചൈതന്യത്തോടെ, ജീവന്റെ സുവശേഷ പ്രചാരണത്തിനായി രൂപതയുടെ പ്രോലൈഫ് പ്രേഷിത ത്വത്തിനോടൊപ്പം പങ്കുചേരാൻ ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

പരിശുദ്ധസഭയുടെ പ്രത്യാശ വർഷത്തോടും നമ്മുടെ രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ചും പ്രോലൈഫ് പ്രേഷിതത്വം ജീവനെയും വലിയകുടുംബങ്ങളെയും സംരക്ഷിക്കുവാൻ **'കുഞ്ഞിനൊരു കൈത്താങ്ങ്'** എന്ന പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്. 2025 ാം ആണ്ട് മുതൽ ജനിക്കുന്ന നാലാമത് മുതലുള്ള ഓരോ കുഞ്ഞിനും മാതാപിതാക്കന്മാർക്കും സഹായ നിധിയും പ്രോൽസാഹനവുമാണ് ഈ നവീന ഉദ്യമം. മാർച്ച് 25ലെ മംഗള വാർത്ത തിരുനാൾ ദിനത്തിൽ ആരംഭിക്കുന്ന ഈ പദ്ധതിയി ലൂടെ ജീവന്റെ സുവിശേഷപ്രഘോഷണത്തിൽ സഭയും സമുദായവും വലിയകുടുംബ ങ്ങൾക്കൊപ്പമുണ്ട് എന്ന പ്രചോദനവും സന്ദേശവും നല്കുന്നു.

കുടുംബകൂട്ടായ്മകൾ കേന്ദ്രീകരിച്ചാണ് *കുഞ്ഞുങ്ങൾക്ക് ഒരു കൈത്താങ്ങ്* എന്ന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ബഹുമാ നപ്പെട്ട വികാരിയച്ചന്മാർ നല്കുന്ന നിർദ്ദേശമനുസരിച്ച് ജീവന്റെ സുവിശേഷം പ്രഘോഷിക്കാൻ സന്നദ്ധരാകുന്ന ദമ്പതികൾക്ക് ഒരു കൈത്താങ്ങായി വർത്തിക്കണമെന്ന് ഈയവസരത്തിൽ നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ചെറിയ സാമ്പത്തികസഹായം ജീവന്റെ പ്രാധാന്യത്തെപ്പറ്റി ഓർക്കുന്നതിനും സന്ദേശം കൈമാറുന്നതി നുമുള്ള അവസരമായി കണക്കാക്കണം. നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയാകട്ടെ (സങ്കീ 128,4) എന്ന സങ്കീർത്തകന്റെ ആത്മീയാനന്ദവും ആത്മസംതൃപ്തിയും ഈ അജപാലനപദ്ധതി പ്രോൽസാഹിപ്പിക്കുന്നതിലൂടെ നമുക്ക് സ്വന്തമാ ക്കാനാകും. കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവരെ തന്റെ അടുക്കൽ കൊണ്ടുവരാൻ അരുൾചെയ്യുകയും ചെയ്യുന്ന (ലൂക്ക 18,16) ഈശോയുടെ കൃപയും സാമിപ്യവും വലിയകുടുംബങ്ങൾക്കും കുഞ്ഞുങ്ങൾക്കും ജീവനുവേണ്ടിയുള്ള പ്രേഷിതപ്രവർത്തനത്തിലൂടെ തീർച്ചയായും അനുഭവിക്കാൻ സാധിക്കും. പുൽക്കൂട്ടിലെ തിരുസുതനോട് വി.കൊച്ചുത്രേസ്യ ഇങ്ങനെ പ്രാർഥിച്ചിരുന്നു: "എന്റെ ഉണ്ണീശോയേ, നിന്റെ തൊട്ടിലിൽ ആടിയും പിള്ളക്കച്ചയിൽ ഒളിച്ചും മാലാഖമാർക്കൊപ്പം പാടിയും നിന്റെ ജനനത്തിന്റെ ആദ്യദിവസ ങ്ങളുടെ മാധുര്യവും മനോഹാരിതയും അയവിറക്കാൻ ഞാനും ആഗ്രഹിക്കുന്നു" (Po-

ems 24): വിശുദ്ധയെപ്പോലെ ആർദ്രവും ശിശുസഹജവുമായ ഹൃദയത്തോടെ നമുക്ക് കുഞ്ഞുങ്ങളെ സ്നേഹി ക്കുകയും പ്രോലൈഫ് പ്രേഷിതത്വത്തെ നിർലോഭം പ്രോൽസാഹി പ്പിക്കുകയും ചെയ്യാം.

സഭയുടെ പ്രത്യാശവത്സരത്തിന്റെയും രൂപതയുടെ റൂബി ജൂബിലിയുടെയും നിറവിൽ ആരംഭിക്കുന്ന *കുഞ്ഞിനൊരു കൈത്താങ്ങ്* എന്ന അജപാലന ഉദ്യമം ഏവർക്കും അനുഗ്രഹമാകാൻ നിങ്ങളോരോരുത്തരുടെയും പ്രാർഥനയും സഹകരണവും പ്രതീക്ഷി ക്കുന്നു. ജീവന്റെ നാഥനായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്ര ഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,



✠ **റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ



# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025-ലെ നോമ്പുകാല സന്ദേശം

## പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യാം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ വാർഷിക തപസ്സുകാലതീർത്ഥാടനം അനുതാപ സൂചകമായ ക്ഷാരംപൂശൽ കർമത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ടതിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്ക് തുറന്നു വയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയ ത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? (1 കോറി 15:54-55). യഥാർഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ. 10:28; 17:3 കാണുക) [1].

ജൂബിലി വർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സു കാലത്ത് പ്രത്യാശയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥ ത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, *യാത്രചെയ്യുക* എന്നതാണ്:** ജൂബിലിയുടെ ആപ്തവാ ക്യമായ പ്രത്യാശയുടെ തീർത്ഥാടകർ പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തി യിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്ത ഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെ ക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരു ന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർത്ഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടുനീങ്ങാതെ നില ഉറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എന്റെ സുരക്ഷിതവലയത്തിൽനിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിന ജീവിതം ഒരു കുടിയേറ്റക്കാരന്റെയോ വിദേശിയുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മ പരിശോധന ആയിരിക്കും.

**രണ്ടാമതായി,** ***ഒരുമിച്ചു യാത്രചെയ്യുക:*** സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനി കൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരന്റെ പാർശ്വം ചേർന്നുനടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിന്റെയും സഹോദരീ സഹോദരന്മാരുടെയും സമീപത്തേക്ക് നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥം ദൈവ പുത്രരെന്ന നമ്മുടെ പൊതുമഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ (ഗലാ. 3:26-28 കാണുക) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്നതത്രേ; അതായത്, പറ്റംചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടി മെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെയും പറ്റംചേർന്നു നടക്കുക എന്നതാണിതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യ ത്തോടെ, സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവിക്കുന്നവ രായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം

നമ്മിലേക്കുതന്നെ ഉൾവലി ഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃ സന്നിധിയിൽ ഇരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്ത നങ്ങളിലൂടെ, വിദൂരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവ പ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4]. അപ്പോൾ ഇത്, മനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്; അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് *പ്രത്യാശയിൽ* ഒരുമിച്ചു യാത്രചെയ്യാം**: എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമാ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. *പ്രത്യാശയിൽ രക്ഷ* (*Spe Salvi*) എന്ന ചാക്രികലേഖനത്തിൽ ബെഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യന് വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരി ക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തു വിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ 8:38-39)" [6]. എന്റെ പ്രത്യാശയായ ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്ത നപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിന്റെ ഉയിർപ്പ്!

**അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം**: പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെ ക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം: കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ

വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെകുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്ക പ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശ യാൽ (റോമാ 5:5 കാണുക), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് [8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1തിമോ. 2:4) പ്രാർഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്കു ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും (*ആത്മാവിന്റെ ദൈവ ത്തോടുള്ള പ്രഘോഷണങ്ങൾ* [*The Exclamations of the Soul to God*], 15:3) [9].

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചര ന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025-ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

[1] Cf. Encyclical Letter *Dilexit Nos* (24 October 2024), 220.
[2] Cf. Homily for the Mass and Canonization of Giovanni Battista Scalabrini and Artemide Zatti, 9 October 2022.
[3] Ibid.
[4] Ibid.
[5] Cf. Bull *Spes Non Confundit* , 1.
[6] Encyclical Letter *Spe Salvi* (30 November 2007), 26.
[7] Cf. Easter Sequence.
[8] Cf. *Catechism of the Catholic Church* , 1820.
[9] Ibid, 1821.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം,
പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം

## 1. New appointments

Rev. Fr. Jose Pennaparambil - Director, Ecumenism

### Renewal & Jesus Youth Mekhala Directors

Very Rev. Fr. John Moolayil - Maruthomkara
Rev. Fr. Mathew Mulangassery - Thamarassery
Rev. Fr. Joseph Peedikayil CST - Karuvarakundu

## 2. മെത്രാഭിഷേകദിനം

രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ മെത്രാഭിഷേകദിനം ഏപ്രിൽ 8-ാം തീയതിയാണ്. മേൽപ്പട്ട ശുശ്രൂഷയിൽ 15 വർഷം പൂർത്തിയാക്കുന്ന അഭിവന്ദ്യ പിതാവിന് അനുമോദനങ്ങൾ നേരുകയും പിതാവിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യാം. ഏറ്റെടുത്തിരിക്കുന്ന ഇടയധർമ്മം ദൈവഹിതപ്രകാരം തുടർന്നും നിർവഹിക്കുന്നതിന് ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർഥിക്കുന്നതോടൊപ്പം ഇടവകജനങ്ങളെ ഇക്കാര്യം അറിയിക്കുകയും അന്നേദിവസം പിതാവിനുവേണ്ടി പ്രാർഥിക്കുവാൻ ഓർമിപ്പിക്കുകയും ചെയ്യുമല്ലോ.

## 3. കുളത്തുവയൽ തീർഥാടനം

താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന കുളത്തുവയൽ തീർഥാടനം നാൽപ്പതാം വെള്ളിയാഴ്ചയായ ഏപ്രിൽ 11-ാം തീയതിയാണ്. 2025 ഏപ്രിൽ 10-ാം തീയതി വ്യാഴാഴ്ച രാത്രി 10 മണിക്ക് താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന തീർഥാടനം താമരശ്ശേരി രൂപതയുടെ കുടിയേറ്റ തീർഥാടനകേന്ദ്രമായ കുളത്തുവയൽ സെന്റ് ജോർജ് തീർഥാടന കേന്ദ്രത്തിൽ 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.30 മണിയോടെ എത്തിച്ചേരുന്നു. തുടർന്ന് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുന്നതാണ്. പങ്കെടുക്കുന്നവർക്ക് നേർച്ചഭക്ഷണവും തിരിച്ച് പോകുന്നതിന് പ്രധാനകേന്ദ്രങ്ങളിലേക്ക് ബസ്സ് സർവീസും ക്രമീകരിച്ചിട്ടുണ്ട്. സാധിക്കുന്നിടത്തോളം എല്ലാവരെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പരിശ്രമിക്കുമല്ലോ.

## 4. നോമ്പുകാല മാസധ്യാനവും വി. മൂറോൻ വെഞ്ചരിപ്പും

നോമ്പുകാലത്ത് നടത്തിവരുന്ന വൈദികരുടെ പൊതുമാസധ്യാനവും വി.

മൂറോൻ വെഞ്ചരിപ്പും 2025 ഏപ്രിൽ 14-ാം തീയതി തിങ്കളാഴ്ച താമരശ്ശേരി മേരി മാതാ കത്തീഡ്രൽ ദൈവാലയത്തിൽ വെച്ച് നടത്തുന്നു. രാവിലെ 10 മണിക്ക് മാസധ്യാനം ആരംഭിക്കുകയും തുടർന്ന് കുമ്പസാരത്തിനുള്ള അവസരം ക്രമീകരിക്കുകയും ചെയ്യുന്നു. 11.15 ന് അഭിഷേകതൈല വെഞ്ചരിപ്പുകർമവും വി. കുർബാനയും ആരംഭിക്കുന്നു. തിരുക്കർമങ്ങൾക്കുശേഷം പാരിഷ് ഹാളി ലാണ് ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നത്. ദൈവാലയങ്ങളിലേക്ക് കൊണ്ടുപോകുന്ന തിനുള്ള അഭിഷേകതൈലവും അവിടെനിന്നു തന്നെ നൽകുന്നത്. തിരുക്കർമ ങ്ങൾ കൃത്യസമയത്ത് ആരംഭിക്കേണ്ടതിനാൽ ബഹു. വൈദികർ നേരത്തെതന്നെ എത്തിച്ചേരുവാൻ പരിശ്രമിക്കുമല്ലോ. ഇടവകപ്രതിനിധികളായി സമർപ്പിതർ ഉൾപ്പെടെ 5 പേരാണ് വി. മൂറോൻ കൂദാശയിൽ പങ്കെടുക്കേണ്ടത്.

### 5. ദുഃഖവെള്ളി പിരിവ്

ദുഃഖവെള്ളിയാഴ്ച എടുക്കുന്ന പ്രത്യേക സ്തോത്രക്കാഴ്ച വിശുദ്ധ നാടു കളുടെ സംരക്ഷണത്തിനുവേണ്ടി ഉപയോഗിക്കുന്ന തിനാൽ, എത്രയുംവേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### 6. യേശുനിധി

നമ്മുടെ ജീവികാരുണ്യ പ്രവർത്തനഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാ വനകൾ പതിവനുസരിച്ച് ഓശാന ഞായറാഴ്ച വി. കുർബാനമദ്ധ്യേ സമർപി ക്കേണ്ടതാണ്. മെയ് മാസം മുതൽ പുതിയ അപേക്ഷകൾ യേശുനിധിയിലേക്ക് സ്വീകരിക്കുന്നതാണ്. അപേക്ഷകൾ സമർപിക്കുമ്പോൾ അവരുടെ അക്കൗണ്ട് നമ്പറും പാസ് ബുക്കിന്റെ കോപ്പിയും അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

യേശുനിധിയിലേക്കുള്ള സംഭാവനകൾ ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യു ന്നവർ അക്കാര്യം പ്രൊക്യുറേറ്റർ അച്ചനെ (9446197752) എത്രയും വേഗം അറി യിക്കാൻ ശ്രദ്ധിക്കുമല്ലോ.

*Account detail:*

Account Name : YESUNIDHI
A/c No. : 0428053000000270
Branch : Thamarassery
IFSC : SIBL0000428

### 7. വൈദികരുടെ സ്ഥലമാറ്റം

രൂപതയിലെ വൈദികരുടെ സ്ഥലമാറ്റം 2025 മെയ് 10 ശനിയാഴ്ചയാണ്. മെയ് 11 ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ബഹു. വൈദികർ ഉത്തരവാദിത്വം ഏൽക്കേ ണ്ടതാണ്.

### 8. രൂപതാവിഹിതം (7.5%)

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപിക്കുന്നതിനും മുമ്പ് രൂപതാവിഹിതം അടച്ചുതീർക്കേണ്ടതാണ്. രൂപതാവിഹിതം ഫൊറോനകേന്ദ്രങ്ങളിൽ വച്ച് താഴെപ്പറയുന്ന തീയതികളിൽ സ്വീകരിക്കുന്നതാണ്.

| | | | | |
|---|---|---|---|---|
| ഏപ്രിൽ 22 | - | 9.30 am | - | കരുവാരകുണ്ട് |
| എപ്രിൽ 22 | - | 12.00 noon | - | പെരിന്തൽമണ്ണ |
| | | 3.30 pm | - | മലപ്പുറം |
| ഏപ്രിൽ 23 | - | 9.30 am | - | തിരുവമ്പാടി |
| | | 3.00 pm | - | തോട്ടുമുക്കം |
| ഏപ്രിൽ 24 | - | 10.00 am | - | മരുതോങ്കര, വിലങ്ങാട് |
| | | 3.00 pm | - | കൂരാച്ചുണ്ട് |
| മെയ് 6 | - | 10.00 am | - | പാറോപ്പടി |
| | | 3.00 pm | - | താമരശ്ശേരി |
| മെയ് 7 | - | 3.00 pm | - | കോടഞ്ചേരി |

### 9. പൊതുയോഗം & കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പ്

2025 ഏപ്രിൽ മാസത്തിൽ നിയമപരമായി പൊതുയോഗം വിളിച്ചുകൂട്ടി ആണ്ടുതിരട്ട് പാസാക്കുകയും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരിൽ ഒരാൾ 25 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ നിന്നും ആയിരിക്കുന്നത് അഭികാമ്യമാണ്. പുതിയ കൈക്കാരന്മാർ മെയ് 4-ാം തീയതിയ്ക്കുള്ളിൽ വി. കുർബാനമദ്ധ്യേ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കേണ്ടതാണ്.

### 10. റൂബിജൂബിലി ഉദ്ഘാടനം

റൂബി ജൂബിലി ഉദ്ഘാടനം 2025 മെയ് 1-ാം തീയതി പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ വെച്ച് അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ രാവിലെ 9.30ന് ബലിയർപ്പണവും തുടർന്ന് 11 മണിക്ക് പൊതുസമ്മേളനവും നടക്കുന്നു. റൂബി ജൂബിലിയുടെ ഉദ്ഘാടനം കെ.സി.ബി.സി. പ്രസിഡണ്ട് മോറാൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കബാവ നിർവഹിക്കും. ബഹു. ജലസേചന വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റ്യൻ മുഖ്യ പ്രഭാഷണവും നടത്തും. പങ്കെടുക്കേണ്ടവർ വൈദികർ, സിസ്റ്റേഴ്സിന്റെ പ്രതിനിധികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, പാരിഷ് സെക്രട്ടറി മുതലായവരാണ്. ഉച്ചഭക്ഷണത്തോടെ പരിപാ

ടികൾ സമാപിക്കും. പൊതുസമ്മേളനത്തിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതാണ്. ഇടവകയിൽ ആദരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടെങ്കിൽ ബഹു. വികാരിയച്ചന്മാർ അവരുടെ പേരുകൾ ഏപ്രിൽ 15 ന് മുമ്പായി ബഹു. ചാൻസലറച്ചനെ അറിയിക്കേണ്ടതാണ്.

**11. സ്മരണാഞ്ജലി**

| | | |
|---|---|---|
| 02-04-1990 | - | റവ. ഫാ. സേവ്യർ കണിയാന്തറ |
| **04-04-2006** | **-** | **മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** |
| 07-04-2024 | - | **റവ. ഫാ. ആശാരിപറമ്പിൽ ജോർജ്ജ്** |
| 10-04-1977 | - | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ |
| 20-04-1972 | - | റവ. ഫാ. മാത്യു പാലമറ്റം |
| **20-04-2012** | **-** | **മോൺ. ഫ്രാൻസീസ് ആറുപറയിൽ** |
| 29-04-1997 | - | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ |
| 29-04-1968 | - | റവ. ഫാ. ജോർജ് പുനക്കാട്ട് |
| 29-04-1999 | - | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**




പാവനസ്മരണയ്ക്ക്
മാർ സെബാസ്റ്റ്യൻ
വള്ളോപ്പിള്ളി
04.04.2006
റവ. ഡോ. ജോർജ്ജ്
ആശാരിപറമ്പിൽ
07.04.2024
മോൺ. ഫ്രാൻസിസ്
ആറുപറയിൽ
20.04.2012

# വിശ്വാസപരിശീലനം

## Aspct ഇടവകതല പരീക്ഷ

വിശ്വാസപരിശീലനകരുടെ തുടർപരിശീലന പരീക്ഷയായ Aspct ന്റെ ആദ്യ റൗണ്ട് എഴുത്തുപരീക്ഷ മാർച്ച് 2-ാം തീയതി ഓരോ ഇടവകയിലും നടന്നു. രൂപതയിലെ മുഴുവൻ അധ്യാപകരും പങ്കെടുത്ത ഈ പരിക്ഷയുടെ പാഠഭാഗം 'സീറോ മലബാർ സഭയുടെ ആരധനാക്രമ വിശ്വാസപരീശീലനം' എന്ന പുസ്തകമായിരുന്നു ഓരോ ഇടവകയിൽനിന്നും ഒന്നും രണ്ടും സ്ഥാനം ലഭിച്ച അധ്യാപകർക്കുള്ള രണ്ടാം റൗണ്ട് ഓൺലൈൻ പരീക്ഷ 2025 മാർച്ച് 23 ഞായറാഴ്ച നടക്കുന്നതാണ്.

## Aspct രൂപതാതല വിജയികൾ

അധ്യാപകരുടെ തുടർപരിശീലന പരീക്ഷയായ Aspct ൽ രൂപതാതല പരീക്ഷ മാർച്ച് 23 ഞായർ ഓൺലൈനായി നടന്നു. 230 അധ്യാപകർ പരീക്ഷയിൽ പങ്കെടുത്തു. വിജയികൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ.

1st prize : ജീജ ജോബ് ചിറയിൽപറമ്പിൽ, Koodaranji
2nd Prize : സി. സിൽവിയ SH, കുറ്റിപ്പുറം
3rd Prize : സി. ലിമിയ മാത്യു MSMI, Valook

## വിശ്വാസോത്സവം : രൂപതാ പഠനശിബിരം

ഈ വർഷത്തെ വിശ്വാസോത്സവ രൂപതാ പഠന ശിബിരം 2025 മാർച്ച് 1 ശനിയാഴ്ച താമരശ്ശേരി ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. അഭിവന്ദ്യ പിതാവ് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. തലശ്ശേരി രൂപതയുടെ റിസോഴ്സ് ടീം പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി. രൂപതയിലെ 11 മേഖലകളിൽ നിന്നും 5 അധ്യാപകർവീതം 55 അധ്യാപകർ റിസോഴ്സ് ക്യാമ്പിൽ പങ്കെടുത്തു.

## വിശ്വാസോത്സവം : മേഖല പഠനശിബിരം

2025 മാർച്ച് 15, 16 (ശനി, ഞായർ) ദിവസങ്ങളിൽ വിശ്വാസോത്സവ മേഖല പഠന ശിബിരങ്ങൾ വിവിധ മേഖലകളിൽ നടന്നു. രൂപതാതലങ്ങളിൽ പരിശീലനം ലഭിച്ച അധ്യാപകർ ആണ് മേഖല പഠനശിബിരത്തിന് നേതൃത്വം വഹിച്ചത്. മേഖലകളിലെ മുഴുവൻ പള്ളികളിലെയും വിശ്വാസപരിശീലകർ മേഖലാകേന്ദ്രത്തിൽ ഒന്നിച്ച് കൂടുകയും വിശ്വാസോത്സവത്തിനായി സജ്ജരാക്കുകയും ചെയ്തു.

## വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷകൾ 2025

- 2024–2025 വിശ്വാസപരിശീലന വർഷത്തെ സ്കോളർഷിപ്പ് പരീക്ഷ 2025 ഏപ്രിൽ 22 ചൊവ്വ രാവിലെ 9 മണി മുതൽ 11 മണി വരെ മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.
- എല്ലാ ഇടവകകളിൽ നിന്നും 4 മുതൽ 10 വരെ ക്ലാസുകളിലെ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ച കുട്ടികളെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് മേഖലാ കേന്ദ്രങ്ങളിൽ പറഞ്ഞയക്കേണ്ടതാണ്.
- 4, 7, 10 ക്ലാസുകൾക്കാണ് രൂപത സ്കോളർഷിപ്പ് നൽകുന്നത്.
- മേഖലയിൽ നിന്നും 4, 7,10 ക്ലാസുകളിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ച ഉത്തര പേപ്പറുകൾ ഏപ്രിൽ 26 ശനിയാഴ്ചയ്ക്ക് മുമ്പ് രൂപത മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
- 4, 7, 10 ക്ലാസുകളിൽ ഒരേ മാർക്കുള്ള രണ്ടിൽ കൂടുതൽ ഉത്തര പേപ്പറുകൾ ഉണ്ടെങ്കിൽ അത് റീവാലുവേഷൻ നടത്തി കൃത്യം രണ്ട് (First & Second) പേപ്പറുകൾ മാത്രമേ രൂപത മതബോധന കേന്ദ്രത്തിൽ ഏൽപ്പിക്കാവൂ.
- സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഒന്നാം സെമസ്റ്ററിൽ നിന്നും രണ്ടാം സെമസ്റ്ററിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
- സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ A4 ഷീറ്റ് ക്രമീകരിക്കേണ്ടതാണ്. (സ്കോർഷീറ്റ് A4 ആണ് )

## വിശ്വാസോത്സവ വർക്ക് ബുക്ക് വിതരണം

ഈ വർഷത്തെ വിശ്വാസോത്സവ വർക്കു ബുക്കുകൾ മാർച്ച് ഒന്നു മുതൽ വിതരണം ചെയ്തുതുടങ്ങി. 'കുടുംബം' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഈ വർഷത്തെ വർക്കു ബുക്കുകൾ തയ്യാറാക്കിയിരുക്കുന്നത്.

## രൂപതാ പ്രതിഭാസംഗമം 7–ാം ക്ലാസ്സ്

ദിവസം – ഏപ്രിൽ 26, 27 (ശനി, ഞായർ)

സമയം – ഏപ്രിൽ 26 ശനി 9:30 pm മുതൽ ഏപ്രിൽ 27 ഞായർ 2 pm വരെ, സ്ഥലം – PMOC, മേരിക്കുന്ന്

ഏഴാം ക്ലാസിലെ കുട്ടികളുടെ രൂപതാതല പ്രതിഭാ സംഗമം 2025 ഏപ്രിൽ 26, 27 (ശനി, ഞായർ) ദിവസങ്ങളിൽ കോഴിക്കോട് PMOC യിൽ വച്ച് നടക്കുന്നതാണ്. ഓരോ മേഖലയിൽ നിന്നും മൂന്ന് ആൺകുട്ടികളെയും മൂന്ന് പെൺകുട്ടികളെയും ആണ് രൂപതാ തല പ്രതിഭാ സംഗമത്തിലേക്ക് അയക്കേണ്ടത്. 4 കുട്ടികൾക്കാണ് സീറോ മലബാർ സഭതല പ്രതിഭാ സംഗമത്തിന് പോകാൻ രൂപതയിൽ അവസരം ലഭിക്കുക (2 boys, 2 Girls). ഓരോ മേഖലയിലും പ്രതിഭാ സം

ഗമങ്ങൾ നടത്തി കുട്ടികളുടെ പേരുവിവരങ്ങൾ ഏപ്രിൽ 10 ന് മുൻപായി രൂപത മതബോധന ഓഫീസിൽ അറിയിക്കുക.ബൈബിൾ ഭാഗവും മറ്റും പഠിപ്പിച്ചു ഒരുക്കി പറഞ്ഞയയ്ക്കുവാൻ ബന്ധപ്പെട്ട അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## *I Quiz*

1. ലൂക്ക 17-24 അധ്യായങ്ങൾ
2. എഫേസോസ് 16 അധ്യായങ്ങൾ
3. കൂദാശകൾ മാമ്മോദീസ, സ്ഥൈര്യലേപനം, കുമ്പസാരം, കുർബാന (Reference book- സീറോ മലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം )
4. സീറോ മലബാർ സഭയുടെ ചരിത്രം
5. സീറോ മലബാർ സഭയിലെ വിശുദ്ധർ

## *II ചർച്ചക്ക് എടുക്കുന്ന വിഷയങ്ങൾ*

1. ഞാൻ ആരാണ്? എന്റെ കടമകൾ എന്തൊക്കെയാണ്?
2. മാതൃ സഭയോടുള്ള സ്നേഹം.
3. ആധുനിക കാലഘട്ടത്തിലെ വിശ്വാസ ജീവിതം.
4. ഈ കാലഘട്ടത്തിൽ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, അവയ്ക്കുള്ള പരിഹാര മാർഗങ്ങൾ.
5. എന്റെ സഭക്ക് എന്തൊക്കെ നല്കാൻ എനിക്ക് സാധിക്കും.
6. ക്രൈസ്തവ വിശ്വാസ സന്മാർഗ ബോധ്യങ്ങൾ.
7. വിശ്വാസ പരിശീലനം എന്ത്? എന്തിന്?
8. വിശ്വാസ ജീവിത സാക്ഷ്യം.

## *III കുട്ടികളെ വിലയിരുത്തുന്നതിന് സഹായകമാകുന്ന ചില മേഖലകൾ,*

സൂചികകൾ

1. ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത.
2. വിശ്വാസം ജീവിക്കാൻ, അതിന് സാക്ഷ്യം നല്കാൻ എത്രമാത്രം ഒരാൾ തയ്യാറാണ്.
3. ഒരേ അമ്മയുടെ മക്കളെന്ന നിലയിൽ ഒരാൾ സ്വീകരിക്കേണ്ടനിലപാടുകൾ, അവയ്ക്ക് അടിസ്ഥാനമായ ബോധ്യങ്ങൾ: ഇവയിൽഎത്രമാത്രം ഒരാൾ ആഴപ്പെട്ടിട്ടുണ്ട്.
4. ഏഴു വർഷത്തെ വിശ്വാസ പരിശീലനം ഒരാളെ എങ്ങനെ എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു എന്ന വിലയിരുത്തൽ
5. ക്യാമ്പ് ദിവസങ്ങളിലുള്ള പെരുമാറ്റ രീതി, group work, ക്ലാസ്സുകളിലും മറ്റ് activityകളിലുമുള്ള സജീവ പങ്കാളിത്തം.

## ACC പരീക്ഷകൾ

ഈ വർഷത്തെ ACC 1st, 2ed, 3rd (13,14,15) പരീക്ഷകൾ ഏപ്രിൽ 11,12,13 തീയതികളിൽ നല്കുന്നതാണ്. ഓരോ ബാച്ചിനും പഠിക്കാനുള്ള പാഠഭാഗങ്ങളുടെ സംഗ്രഹമായ ചോദ്യോത്തരങ്ങളുടെ PDF രൂപതയിൽ നിന്നും അയച്ച് നൽകിയിട്ടുണ്ട്. പരീക്ഷ ഓൺലൈൻ ആയി നടക്കുന്നതാണ്.

## അഭിവന്ദ്യ പിതാവിന്റെ നോമ്പുകാല സന്ദേശം

വലിയ നോമ്പിന് ഒരുക്കമായുള്ള അഭിവന്ദ്യ പിതാവിന്റെ സന്ദേശം വിശ്വാസപരിശീലന സോഷ്യൽ മീഡിയ ചാനലുകൾ വഴി സംപ്രേഷണം ചെയ്തു.

## വിശ്വാസോത്സവം 2025 പിതാവിന്റെ സന്ദേശം

ഈ വർഷത്തെ വിശ്വാസോത്സവത്തിന് ഒരുക്കമായി അഭിവന്ദ്യപിതാവ് ദൈവദികർക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കും മാതാപിതാകൾക്കും സന്ദേശം നൽകി. വിശ്വാസത്തിൽ ആഴപ്പെടുത്തണ്ട അവസരമാക്കി ഇതിനെ ഉപയോഗിക്കണമെന്നും പിതാവ് ഓർമ്മിപ്പിച്ചു.

## Faith @ Home

*ചിപ്പിലിത്തോട് :* 2025 ഫെബ്രുവരി 22 ന് കുടുംബ വിശ്വാസ പരിശീലന പ്രോഗ്രാമായ Faith @ Home ചിപ്പിലിത്തോട് ഇടവകയിൽ നടന്നു. മാതാപിതാക്കൾ സജീവമായി പ്രോഗ്രാമിൽ പങ്കെടുത്തു.

*വെറ്റിലപ്പാറ :* മാർച്ച് 7 വെള്ളിയാഴ്ച വെറ്റിലപ്പാറ ഇടവകയിൽ Faith @ Home പ്രോഗ്രാം നടന്നു. വൈകുന്നേരം 4 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച പ്രോഗ്രാം 8.30 ന് സമാപിച്ചു. ഏകദേശം 120 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു. രൂപതാ റിസോഴ്സ് ടീം പ്രോഗ്രാമിന് നേതൃത്വം കൊടുത്തു.

*പുന്നയ്ക്കൽ :* മാർച്ച് 8 ശനിയാഴ്ച പുന്നയ്ക്കൽ ഇടവകയിൽ Faith @ Home പ്രോഗ്രാം നടന്നു. കുടുംബവിശ്വാസ പരീശീലന പ്രോഗ്രാമിൽ ഏകദേശം 75 മാതാപിതാക്കൾ പങ്കെടുത്തു. വിശ്വാസപരിശീലകരെന്ന നിലയിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് പ്രോഗ്രാമിൽ ബോധ്യപ്പെടുത്തി.

*പൊയിലോംചാൽ :* മാർച്ച് 9 ഞായറാഴ്ച പൊയിലോംചാൽ ഇടവകയിൽ Faith @ Home പ്രോഗ്രാം നടന്നു. 38 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു.

*ചാപ്പൻത്തോട്ടം :* മാതപിതാക്കളുടെ തുടർപരിശീലന പ്രോഗ്രാമായ Faith @ Home മാർച്ച് 15 ശനി വൈകിട്ട് ചാപ്പൻത്തോട്ടം ഇടവകയിൽ നടന്നു. 55 മാതാപിതാക്കൾ പ്രോഗ്രാമിൽ പങ്കെടുത്തു.

## Media Catechesis

Faith @ Home, അഭിവന്ദ്യ പിതാവിന്റെ നോമ്പുകാല സന്ദേശം, വിശ്വാസോത്സവ പഠനശിബിരം എന്നിവയുടെ വീഡിയോകൾ കാറ്റികിസം യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു.

## സൺഡേ സ്കൂൾ സന്ദർശനം

മാർച്ച് മാസത്തിൽ രൂപത ഡയറക്ടർ നൂറാംതോട് സൺഡേ സ്കൂൾ സന്ദർശനം നടത്തി. ഓരോ ക്ലാസുകളും സന്ദർശിക്കുകയും കുട്ടികളുടെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. അന്നേദിവസം ദിവ്യബലി അർപ്പിച്ച് മാതാപിതാക്കൾക്ക് സന്ദേശം നൽകി. വിശ്വാസ പരിശീലന ക്ലാസുകൾക്ക് ശേഷം സ്റ്റാഫ് മീറ്റിംഗ് കൂടുകയും വിശ്വാസ പരിശീലകരുമായി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## 2025 ഏപ്രിൽ മാസപ്രോഗ്രാം

| | | |
|---|---|---|
| 01 ചൊവ്വ | - | വിശ്വാസോത്സവം ആരംഭിക്കുന്നു |
| 02 ബുധൻ | - | വിശ്വാസോത്സവം |
| 03 വ്യാഴം | - | വിശ്വാസോത്സവം |
| 04 വെള്ളി | - | വിശ്വാസോത്സവം |
| 05 ശനി | - | സ്റ്റഡി ലീവ് |
| 06 ഞായർ | - | നോമ്പുകാലം 6-ാം ഞായർ<br>വാർഷിക പരീക്ഷ (10 am-12 am) |
| 11 വെള്ളി | - | ACC 13 Online Examination |
| 12 ശനി | - | ACC 14 Online Examination |
| 13 ഞായർ | - | നോമ്പുകാലം 7-ാം ഞായർ<br>ACC 15 Online Examination<br>ഓശാന ഞായർ |
| 17 വ്യാഴം | - | പെസഹാവ്യാഴം |
| 18 വെള്ളി | - | ദുഃഖ വെള്ളി |
| 19 ശനി | - | ദുഃഖ ശനി |
| 20 ഞായർ | - | ഉയിർപ്പുകാലം 1-ാം ഞായർ, ഈസ്റ്റർ |
| 22 ചൊവ്വ | - | സ്കോളർഷിപ്പ് പരീക്ഷ (09am - 11am) |
| 26 ശനി | - | രൂപതതാതല പ്രതിഭാസംഗമം (STD VII), PMOC |
| 27 ഞായർ | - | രൂപതതാതല പ്രതിഭാസംഗമം (STD VII), PMOC |

കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

# മദ്ബഹ ശുശ്രൂഷ സംഘം (SMART)

## അൾത്താരയിലെ മാലാഖാമാർ

മദ്ബഹാ ശുശ്രൂഷകർക്കായി എല്ലാ മാസത്തിന്റെയും ആദ്യ ഞായറാഴ്ചകളിൽ 'അൾത്താരയിലെ മാലാഖാമാർ' എന്ന് പേരിൽ ഓൺലൈൻ ക്ലാസ്സ് നല്കുന്നു. പരീയ്ക്കുള്ള ഒരുക്കമായിരുന്നു ഈ മാസത്തെ ക്ലാസ്സ്. അൾത്താരയിലെ മാലാഖാമാർ എന്ന് പഠനപര മ്പരയിലെ നാലാമത്തെ ക്ലാസ്സാണ് ഇത്. ബഹു. ചാക്കോ മുണ്ടക്കൽ അച്ചനാണ് ക്ലാസ്സ് നയിക്കുന്നത്. അച്ചന് ഹൃദയം നിറഞ്ഞ നന്ദി.

## നോമ്പുകാല ചിന്തകൾ

മദ്ബഹാ ശുശ്രൂഷകർക്കായി എല്ലാ ദിവസവും നോമ്പുകാല ചിന്തകളുടെ വീഡിയോ സന്ദേശമായി നല്കുന്നു. ബഹു. അഗസ്റ്റിൻ മച്ചുകുഴിയിൽ അച്ചനാണ് പ്രസ്തുത വീഡിയോകൾ തയ്യാറാക്കുന്നത്.

## ഫൊറോന സംഗമം - തോട്ടുമുക്കം

തോട്ടുമുക്കം ഫൊറോനയിലെ മദ്ബഹാ ശുശ്രൂഷകരുടെ ഫൊറോന സംഗമം മാർച്ച് 30ന് ഞായറാഴ്ച, തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പാരീഷ് ഹാളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.00 മണി വരെ നടക്കുന്നു. ഫൊറോനയിലെ എല്ലാ മദ്ബഹാ ശുശ്രൂഷ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

## അനുദിന വചനം

കുട്ടികളെ വചനം പഠിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്മാർ ട്ടിന്റെ എംബ്ലം വെച്ച് അനുദിന വചന പോസ്റ്റർ തയ്യാറാക്കി അൾത്താര ബാലിക - ബാലന്മാരുടെ ഗ്രൂപ്പുകളിലേക്ക് അയച്ചു നൽകുന്നു.

## ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്

അൾത്താര സംഘത്തിലെ കുട്ടികൾക്കായി ഓൺലൈൻ ഇംഗ്ലീഷ് കോഴ്സ്, രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിന്റെ സഹകരണത്തോടെ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം 7.30 മുതൽ 8.30 വരെയാണ് കോഴ്സിന്റെ സമയം. ഇതുവരെയായി 21 ഓളം ക്ലാസ്സുകൾ നടത്തുക യുണ്ടായി.

## ഇടവക സന്ദർശനം

സ്മാർട്ട് സംഘടനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും വിലയിരുത്താനും രൂപതയിലെ വിവിധ ഇടവകകൾ സന്ദർശിച്ച് വരുന്നു. മാർച്ച്

2-ാം തീയതി ഊരകം ഇടവകയും മാർച്ച് 9-ാം തീയതി ചെമ്പനോട ഇടവകയും, മാർച്ച് 16-ാം തീയതി കരുവാരക്കുണ്ട് ഇടവകയും, മാർച്ച് 23-ാം തീയതി പുതുപ്പാടി ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബാന അർപ്പിക്കുകയും കുട്ടികളെ ഒരുമിച്ചു കൂട്ടി വി. കുർബാനയിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ക്ലാസ്സെടുക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, SMART

---

# വൊക്കേഷൻബ്യൂറോ

**ദൈവവിളി ക്യാമ്പ് (01 ഏപ്രിൽ 2025- 03 ഏപ്രിൽ 2025)**

തിയതി : 2025 ഏപ്രിൽ 1-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മുതൽ 3-ാം തീയതി ഉച്ചക്ക് 2.00 വരെ (ചൊവ്വ, ബുധൻ, വ്യാഴം).

ആൺകുട്ടികൾക്കുള്ള ക്യാമ്പ് താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. ക്യാമ്പിനു വരുന്നവർ ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500 രൂപ ആയിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. മറ്റ് രൂപതകളിലോ സന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിൽ ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ.സി. വാങ്ങേണ്ടതാണ്.
6. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ നമ്മുടെ രൂപത സെമിനാരിയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.

### ഇടവക സന്ദർശനം

രൂപതയിലെ ദൈവവിളി പ്രോത്സാഹനം ലക്ഷ്യമാക്കി രൂപതയിലെ വിവിധ ഇടവകകൾ സന്ദർശിച്ച് വരുന്നു. മാർച്ച് 2-ാം തിയ്യതി ഊരകം ഇടവകയും മാർച്ച് 9-ാം തിയ്യതി ചെമ്പനോട ഇടവകയും, മാർച്ച് 16-ാം തിയ്യതി കരുവാരക്കുണ്ട് ഇടവകയും, മാർച്ച് 23-ാം തിയ്യതി പുതുപ്പാടി ഇടവകയും സന്ദർശിച്ചു. ഈ ഇടവകകളിൽ വി. കുർബ്ബാന അർപ്പിക്കുകയും കുട്ടികളെ ഒരുമിച്ചുകൂട്ടി ദൈവവിളി യെക്കുറിച്ച് ക്ലാസ്സെടുക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**ഫാ. ജോർജ്ജ് പുരയിടത്തിൽ**
ഡയറക്ടർ, വൊക്കേഷൻബ്യൂറോ

## ലിറ്റർജി കമ്മീഷൻ

### ഫീദെസ് ഫാമിലി ക്വിസ് ഫൈനൽ മത്സരം

താമരശ്ശേരി രൂപത കലണ്ടർ 2024 നെയും വിശുദ്ധ കുർബാന പുസ്തകത്തെയും അടിസ്ഥാനമാക്കി താമരശ്ശേരി രൂപത ലിറ്റർജി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തുന്ന ക്വിസ് മത്സരമായ ഫീദെസ് ഫാമിലി ക്വിസ് 2024ന്റെ ഫൈനൽ മത്സരം 2025 ഏപ്രിൽ 12 ശനിയാഴ്ച കോഴിക്കോട് പി.എം.ഒ.സിയിൽ വെച്ച് നടത്തുന്നതാണ്.

ഫൈനൽ മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിലെ കുടുംബങ്ങളാണ് ഇതിൽ പങ്കെടുക്കുന്നത്.

### ഫൈനൽ മത്സരത്തിന്റെ സിലബസ്

1. സീറോ മലബാർ സഭയുടെ ആരാധനക്രമ വിശ്വാസ പരിശീലനം (സീറോ മലബാർ സിനഡ് പ്രസിദ്ധീകരണം) എന്ന ഗ്രന്ഥത്തിലെ യാമ പ്രാർത്ഥനകൾ, കൂദാശാനുകരണങ്ങൾ എന്നീ രണ്ട് അധ്യായങ്ങൾ (pages 156-196) 40%
2. താമരശ്ശേരി രൂപത കലണ്ടർ 2024 - 25%
3. വിശുദ്ധ കുർബാന പുസ്തകം റാസക്രമം - 25%
4. സഭാ സംബന്ധമായ പൊതു ചോദ്യങ്ങൾ - 10%

### സമ്മാനങ്ങൾ

ഒന്നാം സമ്മാനം : 15,000 രൂപ (CHEM Pharma, Calicut Road, Manjeri)

രണ്ടാം സമ്മാനം : 10000 രൂപ (Fatima Druglines, Manjeri)

മൂന്നാം സമ്മാനം : 5000 രൂപ (Maruti Auto House, Manjeri)

കൂടാതെ പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
ലിറ്റർജി കമ്മീഷൻ, ഡയറക്ടർ

## സെമിനാരി വാർത്തകൾ

### മേജർ സെമിനാരിക്കാരുടെ സേവനം

ഏപ്രിൽ മെയ് മാസങ്ങളിൽ ഇടവകകളിൽ കുട്ടികൾക്ക് ധ്യാനം നടത്താനും സെമിനാറുകൾ സംഘടിപ്പിക്കാനും മേജർ സെമിനാരി വിദ്യാർഥികളുടെ സേവനം ആവശ്യമുള്ള വൈദികർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

### വലിയ നോമ്പാചരണം

ഈശോയുടെ പീഡാനുഭവത്തിന്റെ ഒരുക്കമായുള്ള 50 നോമ്പ് വിഭൂതി തിരുന്നാൾ തിരുകർമ്മങ്ങളോടെ ഭക്തിപൂർവ്വം ആരംഭിച്ചു.

### പരീക്ഷകൾ

മൈനർ സെമിനാരി വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷ ആരംഭിച്ചു. പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളുടെ പബ്ലിക് എക്സാമും ആരംഭിച്ചു.

വിവിധ മേജർ സെമിനാരികളിലേക്കുള്ള പ്രവേശനത്തിനു മുന്നോടിയായുള്ള കോമൺ എൻട്രൻസ് ടെസ്റ്റ് (CET) ൽ നമ്മുടെ മൈനർ സെമിനാരിയിലെ മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾ ഉന്നത വിജയം നേടിയ കാര്യം ഏറെ സന്തോഷത്തോടെ അറിയിക്കുന്നു. പ്രാർത്ഥനയ്ക്കും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

### മാർച്ച് 8 ന് ലോക വനിതാദിനം

വനിതാദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പ്രേഷിത മുഖമായി നിലകൊള്ളുന്ന എല്ലാ വനിതാരത്നങ്ങൾക്കും സംസ്ഥാന സമിതിയോട് ചേർന്ന് വനിതാദിനാശംസകൾ നേർന്നു.

- ഈ വർഷം എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി പരീക്ഷകൾ എഴുതുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകൾ നേർന്നു. റൂഹ 2k25 പരീക്ഷ ഒരുക്ക പ്രാർത്ഥന ശാഖ തലങ്ങളിൽ നടത്തി.

- ഈ 50 നോമ്പിൽ താമരശ്ശേരി രൂപതയിലെ ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗത്സേമനി നോമ്പുകാല തിരുവചന പ്രാർത്ഥന' എന്ന പേരിൽ ധ്യാനാത്മക ചിന്തകൾ എല്ലാ ദിവസവും, പങ്കുവച്ചുവരുന്നു.

### റീജിയണൽ സമ്മേളനം

മലപ്പുറം, തിരുവമ്പാടി, കൂരാച്ചുണ്ട്, താമരശ്ശേരി മേഖലകളുടെ റീജിയണൽ സമ്മേളനം നടത്തി. ശാഖ ജൂനിയർ ഭാരവാഹികൾ,മേഖല ഭാരവാഹികൾ, വൈസ് ഡയറക്ട്ടേഴ്സ്, ഓർഗനൈസർ എന്നിവർക്കുവേണ്ടി വിവിധ സെമിനാറുകളും സംഘടിപ്പിച്ചു.

### മിസ്സിയോ മേഖല നേതൃത്വ സംഗമം

ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മലപ്പുറം, കരുവാരകുണ്ട്, തോട്ടുമുക്കം, തിരുവമ്പാടി, വിലങ്ങാട്, കൂരാച്ചുണ്ട്, പാറോപ്പടി, പെരിന്തൽമണ്ണ, താമരശ്ശേരി, കോടഞ്ചേരി മരുതോങ്കര എന്നീ മേഖലകളിൽ നേതൃത്വ സംഗമം നടത്തി.

### നവപ്രഭ'25

സി എം എൽ മലബാർ റീജിയൺ സംഗമം മാർച്ച് എട്ടാം തീയതി രാവിലെ 9.30 മുതൽ താമരശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന സമിതി അംഗങ്ങളും മലബാർ റീജിയണിലെ രൂപതകളിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങളും ഈ സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് സംഗമം ഉദ്ഘാടനം ചെയ്തു.

- കഴിഞ്ഞ ഒരു വർഷത്തോളം പ്രേഷിത കൂടാരം പരിപാടിയിൽ നേതൃത്വം കൊടുത്ത ഡീക്കൻ ആർവിൻ എംസിബിഎസ് ന് നന്ദിയും ആശംസകളും നേരുന്നു.

## അറിയിപ്പുകൾ

### മിസ്സിയോ ദൈവവിളിപ്രസംഗ മത്സരം

2025 ഏപ്രിൽ 12 ന് ബിഷപ്പ്സ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു.

*നിബന്ധനകൾ:*

1. ആൺ പെൺ വ്യത്യാസമില്ലാതെ ഓരോ മേഖലയിൽ നിന്നും ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം.
2. പ്രസംഗ വിഷയം : ദൈവവിളിയുമായി ബന്ധപ്പെട്ട വിഷയം
3. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഇതിൽ പങ്കെടുക്കാൻ സാധിക്കുന്നത്.
4. 2025 ഏപ്രിൽ 10 ന് മുമ്പ് മിസ്സിയോ ദൈവവിളി പ്രസംഗ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ പേരുകൾ മേഖല സമിതി രജിസ്റ്റർ ചെയ്യേണ്ടതാണ്. (രജിസ്റ്റർ ചെയ്യേണ്ട നമ്പർ 7902510633)

### മേഖല സമിതി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. 2025 ഏപ്രിൽ 10ന് മുമ്പ് മേഖല ദൈവവിളി പ്രസംഗ മത്സരവും, 202526 പ്രവർത്തന വർഷത്തേക്കുള്ള ജൂനിയർ എക്സിക്യൂട്ടീവ് ഇലക്ഷനും നടത്തേണ്ടതാണ്.
2. 2025 ഏപ്രിൽ 12ന് രൂപതയിൽ നടക്കുന്ന CML വാർഷികത്തിലും മാനേജിംഗ് കമ്മിറ്റിയിലും പങ്കെടുക്കേണ്ടവർ :

   മേഖല ഡയറക്ടർ & വൈസ് ഡയറക്ടർ
   മേഖല സീനിയർ എക്സിക്യൂട്ടീവ് അംഗങ്ങൾ
   മേഖല പുതിയ ജൂനിയർ എക്സിക്യൂട്ടീവ് അംഗങ്ങൾ
   മേഖല ദൈവവിളി പ്രസംഗമത്സരത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ ലഭിച്ചവർ

### ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് (ശാഖാതലത്തിൽ)

2025-2026 പ്രവർത്തന വർഷത്തേയ്ക്കുള്ള പുതിയ ജൂനിയർ ഭാരവാഹികളെ 2025 ഏപ്രിൽ 2ന് (വിശ്വാസോത്സവത്തിന് രണ്ടാം ദിവസം) ശാഖാതലത്തിൽ തെരഞ്ഞെടുക്കുന്നു.

*(മേഖല തലത്തിൽ)*

2025 ഏപ്രിൽ 10ന് മുമ്പ് മേഖല തലത്തിൽ 2025-2026 പ്രവർത്തന വർഷത്തിലേക്കുള്ള ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പുതിയ ജൂനിയർ ഭാരവാഹികളുടെ ലിസ്റ്റും മൊബൈൽ നമ്പറും 2025 ഏപ്രിൽ 10ന് മുമ്പ് വാട്സ്ആപ്പ് (86062 03117) വഴി അയച്ചു തരേണ്ടതാണ്.

### കയ്യെഴുത്ത് മാസിക തയ്യാറാക്കൽ മത്സരം

2024-2025 പ്രവർത്തന വർഷത്തിലെ 'ദൈവകേന്ദ്രീകൃത കുടുംബം ദൈവ വിളികളുടെ ഉറവിടവും ശക്തിയും' എന്ന പഠന വിഷയത്തെ അടിസ്ഥാനപ്പെടുത്തി കയ്യെഴുത്ത് മാസിക തയ്യാറാക്കി 2025 മെയ് 15ന് മുമ്പ് CML രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്. കവർ പേജ് ഉൾപ്പെടെ 100 പേജ്.

### ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്

രൂപത തലത്തിൽ 7 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏപ്രിൽ മാസം 28,29,30 തീയതികളിൽ മേരിക്കുന്ന് പി എം ഒ സി യിൽ വെച്ച് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. 1300 രൂപ ഫീസ്. ശാഖാ വൈസ് ഡയറക്ടർ വഴി ഏപ്രിൽ 6ന് മുൻപ് 500 രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുന്ന 80 കുട്ടികൾക്കായിരിക്കും അവസരം ഉണ്ടായിരിക്കുന്നത്. ബുക്കിങ് നമ്പർ :+917902510633

### ENFUEGO മിഷൻ അനുഭവ യാത്ര

ചെറുപുഷ്പ മിഷൻലീഗ് താമരശ്ശേരി രൂപതയിലെ ജൂനിയർ, സീനിയർ ഭാരവാഹികളുടെ മിഷൻ അനുഭവ യാത്ര ഏപ്രിൽ 7, 8 തീയതികളിൽ സംഘടിപ്പിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, ചെറുപുഷ്പ മിഷൻലീഗ്

---

## സ്റ്റാർട്ട്

### 19th PFT Batch Valedictory & Certification Ceremony

സ്റ്റാർട്ടിൽ നടത്തപ്പെടുന്ന ഏകവത്സര പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിംഗ് (PFT) പത്തൊൻപതാം ബാച്ചിന്റെ Valedictory & Certification Ceremony 2025 മാർച്ച് 22-ന് സംഘടിപ്പിക്കപ്പെട്ടു. സ്റ്റാർട്ട് ഡയറക്ടർ ഡോ. സുബിൻ കിഴക്കേവീട്ടിൽ സ്വാഗതപ്രഭാഷണവും വാർഷിക റിപ്പോർട്ടും അവതരിപ്പിച്ചു. താമരശ്ശേരി രൂപതാധ്യക്ഷനും സ്റ്റാർട്ടിന്റെ രക്ഷാധികാരിയുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് മുഖ്യാതിഥിയായിരുന്നു. മാറ്റത്തിന്റെയും പുരോഗതിയുടെയും ജീവന്തസാക്ഷ്യങ്ങളായി, സ്റ്റാർട്ടിലെ പരിശീലനം അവരുടെ വ്യക്തിത്വവും ചിന്താഗതി രീതിയും എത്രത്തോളം മാറ്റിയെന്നും വളർത്തിയെന്നും വിദ്യാർത്ഥികൾ അനുഭവങ്ങളിലൂടെ പങ്കുവെച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പിതാവ്

സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സമാപന സമ്മേളനത്തിൽ താമരശ്ശേരി രൂപത ചാൻസലർ ഫാ. സെബാസ്റ്റ്യൻ കാവളക്കാട്ട്, കമ്മ്യൂണിക്കേഷൻ മീഡിയ ഡയറക്ടർ ഫാ. സിബി കുഴിവേലിൽ, ദീപിക റെസിഡന്റ് മാനേജർ ഫാ. ഷെറിൻ പുത്തൻപുരയ്ക്കൽ, എന്നിവർ സന്നിഹിതരായിരുന്നു.

## ARISE 2K25 - Summer Holistic and Intensive Training Camp

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ട് അവധിക്കാലം വിജ്ഞാനപ്രദമാക്കാനും അറിവ് തേടാനും, തിരിച്ചറിവ് നേടാനും കുട്ടികൾക്ക് പത്തു ദിവസങ്ങൾ മൂല്യധിഷ്ഠിത പഠന ശില്പശാല - ARISE 2K25 - Summer Holistic and Intensive Training Camp ഏപ്രിൽ 22 മുതൽ ഏപ്രിൽ 30 വരെ സ്റ്റാർട്ടിൽ വച്ച് നടത്തുന്നു.

## Residential PLUS TWO

കുട്ടികളിൽ അടുത്തകാലത്ത് വന്നിട്ടുള്ള വിദേശ പഠനം, ജോലി എന്ന പുതിയ ആവശ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ ശ്രമിക്കു ന്നതോടൊപ്പം നമ്മുടെ നാട്ടിലെ മികച്ച യുണിവേഴ്സിറ്റികളിലേക്കും, പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിലേക്കും പ്രവേശനം ലഭിക്കുന്നതിനും നമ്മുടെ കുട്ടികളെ കാലോചിതമായി ഒരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സിലബസിൽ സ്റ്റാർട്ടിൽ താമസിച്ച് പ്ലസ്ടു പഠിക്കാം.

RESIDENTIAL PLUS TWO BATCHES-COMMERCE & HUMANITIES

FOR GIRLS AND BOYS FROM JUNE 2025

LANGUAGES (For both Humanities and Commerce)

* English Malayalam/ Hindi

COMMERCE STREAM: 30 SEATS ONLY

* Accountancy * Business studies * Economics * Political Science

HUMANITIES STREAM: 30 SEATS ONLY

* History * Sociology * Economics * Political science

MEDIUM OF INSTRUCTION ENGLISH

PROFESSIONAL FOUNDATION TRAINING (PFT) പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായുള്ള ഏകവത്സര കോഴ്സ്

സ്വഭാവ വൈശിഷ്ട്യവും സാമൂഹിക പ്രതിബദ്ധതയും ഉയർന്ന ധാർമിക നിലവാരവുമുള്ള നേതാക്കളെയും ഉദ്യോഗസ്ഥരെയും നിയമപാലകരെയും നമ്മുടെ സമുദായത്തിൽ നിന്ന് ദേശീയ അന്തർദേശീയ തലങ്ങളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യ ത്തോടെ നടത്തുന്ന ഏകവത്സര കോഴ്സായ Professional Foundation Training (PFT)-യുടെ ഇരുപതാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

## SALIENT FEATURES OF START TRAINING

- മാതാപിതാക്കളുടെയോ സഹപാഠികളുടെയോ നിർബന്ധം മൂലമോ, ഉപരിപഠന മേഖലയെപറ്റിയുള്ള അറിവിന്റെ കുറവു കൊണ്ടോ, സ്വന്തം അഭിരുചിക്ക് ചേരാത്ത വിഷയങ്ങൾ തിരഞ്ഞെ ടുത്ത് ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെ ഓരോ വിദ്യാർത്ഥികളിലും അന്തർലീനമായ കഴിവുകളും അഭിരുചികളും കണ്ടെത്തുവാനും അതിനു അനുയോജ്യമായി മാത്രം ഉപരിപഠന ത്തിനുള്ള വിഷയങ്ങളും സ്ഥാപനങ്ങളും തിരഞ്ഞെടുക്കുവാനും സ്റ്റാർട്ട് കുട്ടികളെ സഹായിക്കുന്നു.

- ശാസ്ത്രം, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് വിഷയങ്ങൾ നമുക്ക് മുന്നിൽ തുറക്കുന്നത് അവസരങ്ങളുടെ അനന്തജാലകങ്ങളാണെന്ന വസ്തുത കുട്ടികൾക്ക് മനസിലാക്കി കൊടുക്കുവാനും അതുവഴി തങ്ങൾക്ക് അസ്വാദ്യകരമായ വിഷയങ്ങൾ എടുത്ത് പഠിക്കുവാനുമുള്ള ആത്മവിശ്വാസവും സ്റ്റാർട്ട് വിദ്യാർത്ഥികൾക്ക് നൽകുന്നു.

- ഉപരിപഠനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി ദേശീയ അന്തർ ദേശീയ തലങ്ങളിൽ നിരവധി സ്കോളർഷിപ്പുകൾ ലഭ്യമാണ്. ഈ സാധ്യതകൾ കണ്ടെത്തി തങ്ങളുടെ കഴിവിനും വ്യക്തിത്വത്തിനും അനുയോജ്യമായ തൊഴിൽ മേഖലകൾ തിര ഞ്ഞെടുക്കുവാൻ ഈ കോഴ്സ് സഹായിക്കുന്നു

- കേന്ദ്ര സർവകലാശാലകളിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസം ഓരോ വിദ്യാർ ത്ഥിക്കും നൽകുന്നത് അനവധി അവസരങ്ങളാണ്. പ്രഗൽഭരായ അധ്യാപകരും മികച്ച സിലബസും എല്ലാം കേന്ദ്ര സർവകലാശാലകളെ മറ്റു സർവ്വകലാശാലകളിൽ നിന്നും വിഭിന്ന മാക്കുന്നു. അതോടൊപ്പം തന്നെ കേരളത്തിലെ മികച്ച എൻജിനീ യറിങ് സ്ഥാപനങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കുക എന്നത് വിദ്യാർത്ഥികൾക്ക് ഉന്നത തൊഴിലവസരങ്ങൾ പ്രധാനം ചെയ്യുന്നു.

## AI & PYTHON Course

ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള സമഗ്രമായ അറിവ് നേടുന്നതിനും പ്രത്യേകിച്ച് Machine Learning, Data Science എന്നിവയിൽ python ഉപയോഗിച്ച പ്രോഗ്രാമിംഗ് ചെയ്യുന്നതിനുമുള്ള പരിശീലനം നൽകുന്നതിനായി AI & Computer Programming with Python എന്ന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പ്ലസ് ടു കഴിഞ്ഞവർക്കും കമ്പ്യൂട്ടറിൽ അടിസ്ഥാ നപരമായ അറിവുള്ളവർക്കും അപേക്ഷിക്കാം. സ്വന്തമായി ലാപ്ടോപ് ഉണ്ടായിരിക്കണം. സമയക്രമം : ശനിയാഴ്ചകളിൽ ഉച്ച കഴിഞ്ഞ് 1 മണി മുതൽ 4 മണി വരെ. കൂടുതൽ വിവരങ്ങൾക്ക്: Tel: 0495 - 2357843, 9037107843, 97444458111 (ഡയറക്ടർ).

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് തെറാപ്പി താമരശ്ശേരി രൂപതയുടെ മേല്നോട്ടത്തിൽ കൗൺസിലിംഗ്, കൗൺസിലിംഗ് സൈക്കോളജി എന്നീ മേഖലകളിലെ ഗവേഷണത്തിനും പരിശീലനത്തിനുള്ള സ്ഥാപനമാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൻറെ വളർന്നുവരുന്ന ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുക എന്നതിൽ ജെ പി ഐ ഊന്നൽ നല്കുന്നു.

ഒരു രൂപീകരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ജെ പി യെ പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. മനശാസ്ത്രപരവും മാനുഷികവുമായ സംഭവവികാസങ്ങൾ പരിശീലന അതിർത്തികളെ പരിചയപ്പെടുത്താൻ പങ്കെടുക്കുന്നവരിൽ വൈജ്ഞാനികവും സ്വാധീനവും പെരുമാറ്റ പരവുമായ മാറ്റങ്ങൾക്ക് കാരണമാകുന്ന ചിട്ടയായ ചികിത്സാ രീതികൾ പരിചയപ്പെടുത്താനും പ്രോഗ്രാം ശ്രമിക്കുന്നു. അടിസ്ഥാന കൗൺസിൽ കഴിവുകളെ, സിദ്ധാന്തങ്ങളെ, പരിശീലനങ്ങളെ സമന്വയിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു പദ്ധതിയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ലോകത്തിലെ വ്യക്തികളുടെയും സാമൂഹിക സംവിധാനങ്ങളുടെയും ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും കാര്യക്ഷമമായ പ്രതികരിക്കുന്നതിനും ഉള്ള ആശയപരമായ വിദഗ്ധ പരിശീലനം നൽകി വിദ്യാർഥികളെ സഹായിക്കുന്നതിനും സജ്ജരാക്കുന്നതിനും ജി പി ഐ പരിശ്രമിക്കുന്നു.

അറിവും നൈപുണ്യവും നേടുന്നത് മാത്രമല്ല നല്ല യോഗ്യതയുള്ള പരിചയസമ്പന്നനായ വ്യക്തിഗത ഇടപെടലുകളിലൂടെയുംസമപ്രായക്കാരുടെ ഇടപെടലുകളുടെയും അവരുടെ അന്തർലീനമായ പിന്തുണയിൽ സാധ്യതകളെ പരിവേഷണം ചെയ്യുവാനും ഓരോ വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നു.

കോഴിക്കോട് മേരിക്കുന്നിലെ ഉള്ള പോസ്റ്റ് ജോൺപോൾ ഇൻസ്റ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി നേതൃത്വത്തിൽ ദിവസേന കൗൺസിലിംഗ്, കൗൺസിലിംഗ് ക്ലാസുകൾ ഓഫ്ലൈനായും ഓൺലൈനായും നടക്കുന്നു വർദ്ധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കാനും മാനസിക പിരിമുറുക്കത്തിൽ നിന്ന് ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികളിൽ കുട്ടികൾ മുതൽ മുതിർന്നവർ വരെ ഉള്ളവർക്ക് ഇവിടെ ലഭ്യമാണ്. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ.

ജോജി പെരുമാട്ടികുന്നേൽ (അസിസ്റ്റൻറ് പ്രൊഫസർ ആൻഡ് സൈക്കോതെറാപ്പിസ്റ്റ്) ന്റെ സേവനം ജെപിഐ ലഭ്യമാണ്.

### കോഴ്സുകൾ

എല്ലാ രണ്ടാം ശനിയാഴ്ചകളിലും എല്ലാ ഞായറാഴ്ചകളിലും എം എസ് സി ഇൻ കൗൺസിൽ സൈക്കോളജിയുടെ ക്ലാസുകൾ നടക്കുന്നു.

### Diploma Course

മൂന്ന് മാസത്തെയും ആറ് മാസത്തെയും Diploma course in pastoral Counseling and Christian Counseling ഉടൻ ആരംഭിക്കുന്നു. താൽപര്യമുള്ളവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### അഡ്മിഷൻ ആരംഭിച്ചു

2025-2027 വർഷത്തേക്കുള്ള മാസ്റ്റേഴ്സ് കോഴ്സ് MSC in counseling psychology (OFFLINE)

Msc in Guidance and Counseling (ONLINE) അഡ്മിഷൻ ആരംഭിച്ചു. ഡിഗ്രി യോഗതയുള്ളവർക്ക് ഈ കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ് താൽപര്യമുള്ളവർ എത്രയും വേഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. Contact No. 9037379180, 9496575018

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ



# കെ.സി.വൈ.എം. എസ്.എം.വൈ.എം

ഫെബ്രുവരി 28, വെള്ളിയാഴ്ച വൈകിട്ട് 4.30 മുതൽ തോട്ടുമുക്കം മേഖലയുടെ ആതിഥേയത്വത്തിൽ തോട്ടുമുക്കം സെന്റ് തോമസ് ഫൊറോന പള്ളിയിൽ വെച്ച് എസ് എസ് എൽ സി,ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി രൂപതാതല പരീക്ഷ ഒരുക്ക ആരാധന സംഘടിപ്പിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുകയും ആരാധനക്കും ക്ലാസുകൾക്കും നേതൃത്വം നൽകി. ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ കാരക്കാട്ട്, ഫാ. തോമസ് മേലാട്ട്, രൂപത പ്രസിഡന്റ് റിചാൾഡ് ജോൺ, മേഖല പ്രസിഡന്റ് മൈക്കിൾ, നൈജിൽ, അലൻ എന്നിവർ സന്നിഹിതരായിരുന്നു.

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയുടെ ഭാഗമായി മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിനോടാനുബന്ധിച്ച് KCYM - SMYM താമരശ്ശേരി രൂപത വുമൺസ് വിങ്ങിന്റെ ആഭിമുഖ്യത്തിൽ GRIT N GRACE എന്ന പരിപാടിയിലൂടെ 'ഓസ്റ്റിയോ മലേസ്യ' (എല്ലുപൊടിയിൽ രോഗം) ബാധിതയായി കഷ്ടത അനുഭവിക്കുന്ന ഒരു വീട്ടമ്മക്ക് സഹായഹസ്തം നൽകാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായി മാർച്ച് 8 മുതൽ ഏപ്രിൽ 8 വരെ ഒരു മാസം നീണ്ടുനിൽക്കുന്ന 40 രൂപ ചലഞ്ചിലൂടെ ആവും വിധം ഫണ്ട് സ്വരൂപിക്കാനും തീരുമാനിച്ച് മുമ്പോട്ട് പോകുന്നു. വുമൺസ് വിങ്ങിന് വേണ്ടി രൂപത ആനിമേറ്റർ സി. റൊസീൻ SABS, വൈസ് പ്രസിഡന്റ് ട്രീസ മേരി, SMYM സംസ്ഥാന സെക്രട്ടറി ആഗി മരിയ ജോസഫ്, രൂപത സെക്രട്ടറി ബിൽഹ മാത്യു എന്നിവർ നേതൃത്വം നൽകി.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ

# കരിസ്മാറ്റിക് മൂവ്മെന്റ്

## സോണൽ മീറ്റിംഗ്

2025 ജനുവരി 25ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ അശോക പുരം ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് സോണൽ മീറ്റിംഗ് നടന്നു. അഭിവന്ദ്യ പിതാവ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ മുഖ്യപ്രഭാഷണം നടത്തി. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം കുടുംബങ്ങളിലും ഇടവകയിലും സമൂഹത്തിലും ഉണ്ടാക്കിയ സ്വാധീനത്തെയും ഉണർവിനെയും കുറിച്ച് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. തുടർന്ന് ലോഗോസ് ക്വിസ് വിജയികൾക്കുള്ള സമ്മാനവും വിതരണം ചെയ്തു.

ബ്രദർ സെബാസ്റ്റ്യൻ കാഞ്ഞിരപ്പള്ളി ക്ലാസുകൾ നയിച്ചു. സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

മാർച്ച് 8 ശനിയാഴ്ച അശോകപുരം ഉണ്ണി മിശിഹാ പള്ളിയിൽ വച്ച് നടന്ന സോണൽ മീറ്റിങ്ങിൽ സിസ്റ്റർ ഡെൽസി എം എസ് എം ഐ ക്ലാസ്സെടുത്തു. സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും അഭിഷേക ആരാധന നടത്തുകയും ചെയ്തു. 'അപ്പസ്തോല പ്രവർത്തനം' എഴുതിയ കുട്ടികൾക്കും പ്രസംഗം മത്സരത്തിൽ വിജയിച്ചവർക്കുമുള്ള സമ്മാനങ്ങൾ ഈ സോണൽ മീറ്റിങ്ങിൽ വച്ച് സിബി അച്ചൻ വിതരണം ചെയ്തു.

## കുടുംബോത്സവം

കോടഞ്ചേരി സബ് സോണിലെ കുടുംബോത്സവം 2025 ജനുവരി 7ന് കോടഞ്ചേരി ദേവാലയത്തിൽ വച്ച് നടത്തി. സബ് സോൺകോഡിനേറ്റർ ജോർജ് കിഴക്കേനാത്ത് ഏവർക്കും സ്വാഗതം ആശംസിച്ചു. സബ്സോൺ ആനിമേറ്റർ ഫാ. ബിജു ചെന്നിക്കര ആമുഖ സന്ദേശം നൽകി. തുടർന്ന് സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ ക്ലാസ് എടുത്തു. സഹനത്തിൽ കർത്താവിനെ കണ്ടുമുട്ടിയതിനെ കുറിച്ച് ബേബി അൽഫോൻസയും രോഗത്തിൽ കർത്താവിനെ കണ്ടുമുട്ടിയതിനെക്കുറിച്ച് മറിയാമ്മ തോമസും കടബാധ്യതയിൽ യേശുവിനെ കണ്ടുമുട്ടിയതിനെ കുറിച്ച് ലൈസയും അനുഭവസാക്ഷ്യം പങ്കുവെച്ചു . നാലു മക്കളുള്ള ഷിബു സോണിയ ഫാമിലിയെ ആദരിച്ചു. ഫാമിലി മിഷൻ രൂപീകരണത്തിന് സോണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ നേതൃത്വം നൽകി. കോടഞ്ചേരി അസിസ്റ്റന്റ് വികാരി ഫാ. ജിയോ വി. കുർബാന അർപ്പിച്ചു സന്ദേ ശം നൽകി. ദിവ്യകാരുണ്യ ആരാധനയ്ക്ക് സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ നേതൃത്വം നൽകി.

മലപ്പുറം സബ് സോണിലെ കുടുംബോത്സവം 2025 ഫെബ്രുവരി ഒന്നിന് മഞ്ചേരി സെൻറ് ജോസഫ് ദേവാലയത്തിൽ വച്ച് നടന്നു. ജപമാലയോടെ ആരംഭിച്ച കുടുംബോത്സവത്തിൽ സ്തുതി ആരാധനയ്ക്ക് സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽനേതൃത്വം നൽകി. സബ്സോൺ കോഡിനേറ്റർ ഡോ. ഫ്രാൻസീസ് ആറാടൻ സ്വാഗതം ആശംസിച്ച ഉദ്ഘാടന ചടങ്ങിൽ മഞ്ചേരി ഇടവക വികാരി ഫാ. ജോസഫ് കുഴിക്കാട്ടുമ്യാലിൽ അധ്യക്ഷ പ്രസംഗം നടത്തുകയും സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ ഉദ്ഘാടന സന്ദേശം നൽകുകയും ചെയ്തു. സബ്സോൺ ആനിമേറ്റർ ഫാ. സുദീപ് കിഴക്കരക്കാട്ട് ആശംസകൾ നേർന്നു. കെ സി എസ് സി മുൻ വൈസ് ചെയർമാൻ ബ്ര. സെബാസ്റ്റ്യൻ താന്നിക്കൽ, ആധ്യാത്മികതയിലെ സമ്പന്നത കുടുംബങ്ങളിൽ വ്യക്തികളിൽ എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. കുട്ടികളുടെ പ്രതിനിധി, യുവജന പ്രതിനിധി, ദമ്പതി പ്രതിനിധി എന്നിവർ നവീകരണ അനുഭവങ്ങൾ പങ്കുവച്ചു. കരിസ്മാറ്റിക് നവീകരണ വളർച്ചയ്ക്ക് ഏറെ സംഭാവനകൾ നൽകിയ ശ്രീമതി സൂസന്ന വർഗീസ്, ശ്രീ.ജോൺസൺ സാർ, ശ്രീമതി തങ്കമ്മ മോഹൻദാസ് എന്നിവർക്ക് പ്രത്യേക ആദരവ് നൽകി. ക്രൈസ്തവ കുടുംബജീവിതത്തിൽ സുവർണ്ണ ജൂബിലി പിന്നിട്ട കരിസ്മാറ്റിക് ദമ്പതികളെ ആദരിച്ചു. നാലും അതിലധികവും മക്കളുള്ള 13 കുടുംബങ്ങൾക്ക് പ്രത്യേക ഉപഹാരങ്ങൾ നൽകി. ഫാമിലി മിഷൻ രൂപീകരണത്തിന് ഡോ. ഫ്രാൻസിസ് ആറാടൻ നേതൃത്വം നൽകി. ദിവ്യകാരുണ്യ ആരാധനയ്ക്കും അഭിഷേക ശുശ്രൂഷിക്കും മരിയൻ റിട്രീറ്റ് സെൻറർ ഡയറക്ടർ ഫാ. ജീവൻ തൈപ്പറമ്പിൽ നേതൃത്വം നൽകി.

തിരുവമ്പാടി സബ് സോണിലെ കുടുംബോത്സവം ഫെബ്രുവരി എട്ടിന് വിളക്കാൻതോട് സെൻറ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വച്ച് നടന്നു. കോഴിക്കോട് സോണൽ ഡയറക്ടർ സിബി കുഴിവേലിൽ മുഖ്യ പ്രഭാഷണം നടത്തി. കുടുംബ വിശുദ്ധീകരണത്തെക്കുറിച്ച് സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തങ്കലും ഫാമിലി മിഷനെകുറിച്ച് സോണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ ക്ലാസുകൾ നയിച്ചു. ജോസ് വിലങ്ങുപാറ മേഴ്സി ജോസ്, എത്നി ടീച്ചർ എന്നിവർ അനുഭവങ്ങൾ പങ്കുവെച്ചു. നാല് മക്കളുള്ള ആനിക്കാട്ടുവയലിൽ ജോബിയുടെ കുടുംബത്തെ ആദരിച്ചു. സബ്സോൺ ആനിമേറ്റർ ഫാ. സാനു താണ്ടാംപറമ്പിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സബ്സോൺ സർവീസ് ടീം നേതൃത്വം നൽകി. സബ്കോഡിനേറ്റർ സണ്ണി കോക്കാപ്പിള്ളിൽ എല്ലാവർക്കും നന്ദി പറഞ്ഞു.

ഫെബ്രുവരി 26 ന് ചക്കിട്ടപ്പാറ സെൻറ് ആൻറണീസ് ദേവാലയത്തിൽ വച്ച് നടന്ന കൂരാച്ചുണ്ട് കുടുംബോത്സവത്തിൽ സബ്സോൺ ആനിമേറ്റർ ഫാ. വിൻസെന്റ് കറുകമാലിൽ ആമുഖ സന്ദേശം നൽകുകയും സെബാസ്റ്റ്യൻ താന്നിക്കൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. സോൺ/ സബ്സോൺ മുൻ

കാല കോർഡിനേറ്റർമാർ, നവീകരണത്തിൽ 40 വർഷത്തിലധികമായവർ, ഏറ്റവും കൂടുതൽ പ്രായമുള്ളവർ തുടങ്ങി വിവിധ മേഖലയിലുള്ളവരെ ആദരിക്കുകയും അവർക്ക് മെമെന്റോ നൽകുകയും ചെയ്തു. ഉച്ചയ്ക്ക് ശേഷം സോണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ ഫാമിലി മിഷനെക്കുറിച്ച് വിശദീകരിച്ചു. കുട്ടികളുടെ പ്രതിനിധി, യുവ പ്രതിനിധി, നവദമ്പതികൾ തുടങ്ങിയവർ തങ്ങളുടെ നവീകരണ അനുഭവത്തെക്കുറിച്ച് സാക്ഷ്യം പറഞ്ഞു. ഫാ. ആൽബിൻ വിലങ്ങുപാറ വിശുദ്ധ കുർബാന അർപ്പിക്കുകയും ബഹു. വിൻസെന്റ് അച്ചന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയോടെ കുടുംബോത്സവം സമാപിച്ചു.

### ജൂബിലേവൂസ് 2026

സുവർണ്ണ ജൂബിലി സഹസ്രദിന ഉപവാസ പ്രാർത്ഥന *ജൂബിലേവൂസ് 2026* താമരശ്ശേരി സബ് സോണിലെ ഈങ്ങാപ്പുഴ ജൂബിലി ധ്യാനകേന്ദ്രത്തിൽ വച്ച് ജനുവരി 20ന് നടത്തി. സോണൽ ആനിമേറ്റർ ഫാ. സിബി കുഴിവേലിൽ വചന സന്ദേശം നൽകി. ജപമാല സ്തുതി ആരാധന എന്നിവയ്ക്ക് സബ്സോൺ സർവീസ് ടീം നേതൃത്വം നൽകി. മധ്യസ്ഥ പ്രാർത്ഥനയ്ക്ക് സോണിന്റെ മധ്യസ്ഥ പ്രാർത്ഥന കോഡിനേറ്റർ ജോസ് കിഴക്കയുടെ നേതൃത്വത്തിൽ സോണൽ സർവീസ് ടീം നയിച്ചു.

ഫെബ്രുവരി മാസത്തിലെ ജൂബിലേവൂസ് ഫെബ്രുവരി 20 ന്കോടഞ്ചേരി ആശാഭവൻ ചാപ്പലിൽ വച്ച് നടത്തി. സോണൽ ആനിമേറ്റർ സിബി കുഴിവേലിൽ മുഖ്യപ്രഭാഷണം നടത്തി.

### സബ് സോൺ ആനിമേറ്റേഴ്സ്

കരുവാരക്കുണ്ട് സബ് സോണിന്റെ പുതിയ ആനിമേറ്റർ ആയി ഫാ. ജോസഫ് പീടികയിലിനെയും സിസ്റ്റർ ആനിമേറ്റർ ആയി സി. സിൽവിയ cmc ചെയും അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുകയും അവരെ ഈ കുടുംബത്തി ലേക്ക് ഹൃദയപൂർവം സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

### പുതിയ സബ്സോൺ

ഫെബ്രുവരി 20 ന് അരിമണൽ ആശ്രമത്തിൽ വച്ച് നടന്ന ഏകദിന ശുശ്രൂഷയോടനുബന്ധിച്ച് കരുവാരക്കുണ്ട് സബ്സോണിന്വേണ്ടി പുതിയ സർവീസ് ടീമിനെ തെരഞ്ഞെടുത്തു.

### സർവീസ് ടീം അംഗങ്ങൾ

സിത്താമ്മ പീറ്റർ, വേണ്ടാനത്ത് - വാണിയമ്പലം (കോർഡിനേറ്റർ), ഷിബു ആൻറണി പൂതർമണ്ണിൽ - പാതിരിക്കോട്, മിനി സിബി - അടയ്ക്കാക്കുണ്ട്,

ലീലാമ്മ വിൽസൺ ചിറയിൽ - പാതിരിക്കോട്, സെലിൻ ജോസഫ് കണ്ണുകുളം - കാളികാവ്, എൽസി കൊച്ചുപറമ്പിൽ - വാണിയമ്പലം, സ്മിത ജോയ് ഇരുമ്പുഴിയിൽ - പാതിരിക്കോട്, സെലിൻ പയസ് വട്ടുകുളം - കാളികാവ്, മേരി പാലയിൽ - വാണിയമ്പലം എന്നിവരാണ്.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
സോണൽ ആനിമേറ്റർ

## ജീസസ് യൂത്ത്

### ഭവന നിർമാണം

പൂക്കിപ്പറമ്പ് ബസ് അപകടത്തിൽ മരണമടഞ്ഞ 5 ജീസസ് യൂത്ത് മിഷനറി സഹോദരങ്ങളുടെ മരണത്തിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് 5 ഭവനങ്ങൾ പണിതു നല്കി. ആ ഭവനങ്ങളുടെ താക്കോൽ ദാനം താമരശ്ശേരി അരമനയിൽ വച്ച് മാർച്ച് 10-ാം തീയതി മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. കൂടത്തായിയിലുള്ള 4 വീടുകളുടെ വെഞ്ചിരിപ്പും പിതാവ് മാർച്ച് 11 ന് നടത്തി. ഏപ്രിൽ 26 ന് രാവിലെ 10 മണിക്ക് കൂരാച്ചുണ്ടിലെ വീടിന്റെ വെഞ്ചിരിപ്പ് നടത്തുന്നു.

### Soul Fishers ഓർമ ദിനം

5 സഹോദരങ്ങളുടെ ഓർമ്മക്കായുള്ള വി. ബലിയും ഒപ്പീസും മാർച്ച് 8 ന് പതിവുപോലെ ചെമ്പനോടയിൽ അർപ്പിച്ചു. അവരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

### Lental yathra

നോമ്പുകാലത്ത് ലെന്റൽ യാത്ര എന്ന പേരിൽ കോഴിക്കോട് സോൺ ജീസസ് യൂത്ത് ഒരുമാസത്തെ നോമ്പുകാല പരിചിന്തനം നടത്തുന്നു.

### Zonal assembly

ഏപ്രിൽ 12 ന് കോഴിക്കോട് സോൺ ജീസസ് യൂത്തിന്റെ പുതിയ സർവ്വീസ് ടീമും ഫാമിലി ടീമും നിലവിൽവരുന്നു.

### Connect '25

ഏപ്രിൽ 13 വൈകിട്ട് 4 മണി മുതൽ 16 വൈകിട്ട് 4 മണി വരെ PMOCൽ വച്ച് Connect'25 എന്ന പേരിൽ preteens നും teens നും വേണ്ടി പ്രോഗ്രാം നടത്തുന്നു. മാർച്ച് 11 ന് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഇതിന്റെ പോസ്റ്റർ പ്രകാശനം ചെയ്തു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ഡയറക്ടർ

# ക്രിസ്റ്റീൻ മിനിസ്ട്രി

## ക്രിസ്റ്റീൻ ധ്യാനം

ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് വേണ്ടി ഏപ്രിൽ, മെയ്യ് മാസങ്ങളിൽ താമരശ്ശേരി വൃന്ദാവൻ എസ്റ്റേറ്റിലുള്ള സാന്തോം മൈനർ സെമിനാരിയിൽ വെച്ച് ധ്യാനം നടത്തപ്പെടുന്നുണ്ട്. 10, 11, 12 ക്ലാസ്സുകാർക്ക് ഏപ്രിൽ 7, 5 pm to 10, 2pm വരെ ; 8, 9 ക്ലാസുകാർക്ക് ഏപ്രിൽ 21, 5 pm to 24, 2 pm വരെ; 5, 6, 7 ക്ലാസുകാർക്ക് മെയ് 5, 5 pm to 8, 2 pm വരെ. രജിസ്ട്രേഷന് വേണ്ടി വിളിക്കേണ്ട നമ്പർ 9061399673; 9539014810 (രജിസ്ട്രേഷൻ ഫീ. 200/ രൂപ താമസം ഭക്ഷണം 600/ രൂപ.)

## സമ്മാനങ്ങൾ വിതരണം ചെയ്തു

'അപ്പസ്തോല പ്രവർത്തനം' എഴുതി പൂർത്തിയാക്കിയ കുട്ടികൾക്കും പ്രസംഗ മത്സരത്തിൽ പങ്കെടുത്തു വിജയിച്ചവർക്കും മാർച്ച് എട്ടാം തീയതി അശോകപുരത്ത് വച്ച് നടന്ന സോണൽ മീറ്റിങ്ങിൽ വെച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

## സംസ്ഥാനതലം

I[st] ജുവൽ പ്രകാശ് കാലോംപറമ്പിൽ, മരഞ്ചാട്ടി

II[nd] ഹെൽഗ മരിയ നീണ്ടുകുന്നേൽ, പുല്ലൂരാംപാറ

## സോണൽ തലം

I[st] ഹെൽഗ മരിയ നീണ്ടുകുന്നേൽ, പുല്ലൂരാംപാറ

II[nd] ജൂവൽ പ്രകാശ് കാലോംപറമ്പിൽ, മരഞ്ചാട്ടി

III[rd] തെരേസ അയിരുമലയിൽ, കോടഞ്ചേരി

**ഫാ. ഡൊമിനിക് കുഴിവേലിൽ**
ആനിമേറ്റർ

# ഫാമിലി അപ്പോസ്തോലേറ്റ്

**പ്രീകാനാ കോഴ്സുകൾ**

| | | |
|---|---|---|
| ഏപ്രിൽ | - | 10-12 |
| മെയ് | - | 8-10 |
| ജൂൺ | - | 12-14 |
| ജൂലൈ | - | 10-12 |

കൂടുതൽ വിവരങ്ങൾക്കും ബുക്കിങ്ങിനും : 8075935240 (whattsAap)

**ഫാ. മാത്യു കോരംകോട്ട്**
ഡയറക്ടർ, ഫാമിലി അപ്പോസ്തോലേറ്റ്

# കരുണാഭവൻ

വിഭൂതി തിരുക്കർമ്മങ്ങൾ നടത്തി വലിയ നോമ്പിലേക്ക് പ്രവേശിച്ചു. ഒരു വ്യക്തിയുടെ സാമ്പത്തിക സഹായത്തോടെ കെട്ടിടത്തിന്റെ ടെറസിലുള്ള റൂഫിന്റെ കേടുവന്ന ടിൻഷീറ്റുകളും പൈപ്പുകളും മാറ്റി സ്ഥാപിച്ചു. ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും ആളുകൾ വന്ന് കരണാഭവൻ സന്ദർശിക്കുകയും വയോധികരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

**രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

തെയ്യപ്പാറ പള്ളിയിൽ വച്ച് നടത്തപെട്ട രൂപത എക്സിക്യൂട്ടീവ് മീറ്റിംഗിൽ , 31.03.2025 ന് തിരുവമ്പാടി തിരുഹൃദയ ദേവാലയ പാരിഷ് ഹാളിൽ നടത്തപ്പെടുന്ന രൂപത പ്രോ ലൈഫ് ദിനാചരണത്തിനു വേണ്ടി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. ഫൊറോന ഭാരവാഹികളെ ഓരോ ശാഖയുടെയും ഉത്തരവാദിത്വം ഏൽപ്പിച്ചു. സംഗമം കൃത്യം 10 മണിക്ക് തന്നെ അഭിവന്ദ്യ മാർ റെമിജിയോസ്

പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ആരംഭിച്ച്, ഒരു മണിക്ക് ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതും ആണ്. സംഗമത്തിലേക്ക് കടന്നുവരുന്ന ഓരോ കുടുംബങ്ങൾക്കും സമ്മാനങ്ങൾ വിതരണം ചെയ്യുവാനും പ്രോ-ലൈഫിനെ സാമ്പത്തികമായി സഹായിച്ചു കൊണ്ടിരിക്കുന്നവരെയും, അതിലുപരി മനുഷ്യ ജീവന്റെ മഹത്വത്തെ എടുത്തുകാട്ടി പ്രോ-ലൈഫിനെ സപ്പോർട്ട് ചെയ്യുന്ന മൂന്ന് ഗൈനക്കോളജി ഡോക്ടേഴ്സിനെയും ഈ ചടങ്ങിൽ വച്ച് ആദരിക്കുവാനും തീരുമാനിച്ചു. പ്രോ-ലൈഫ് ദിനമായ മാർച്ച് 25-ാം തീയതി മേഖലകൾ തോറും ഒരു മുഴുവൻ ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു.

### K C B C പ്രോ-ലൈഫ് ദിനാചരണം

മംഗളവാർത്ത തിരുനാളിനോട് അനുബന്ധിച്ച് എല്ലാവർഷവും നടത്തപ്പെടാറുള്ള K C B C പ്രോ-ലൈഫ് ദിനാചരണത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് മരിയൻ പ്രോ-ലൈഫ് രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, K C B C സംസ്ഥാന ട്രഷറർ ശ്രീ. ടോമി പ്ലാത്തോട്ടത്തിൽ, രൂപത പ്രസിഡന്റ് ശ്രീ. സജീവ് പുരയിടത്തിൽ എന്നിവർ പങ്കെടുത്തു.

### മേഖല സംഗമങ്ങൾ

തോട്ടുമുക്കം ഫൊറോന ദേവാലയത്തിൽ വച്ച് 09.03.2025 ന് മേഖല എക്സിക്യൂട്ടീവ് നടത്തപ്പെട്ടു. സംഗമത്തിനുള്ള ഒരുക്കങ്ങളും ക്രമീകരിച്ചു.

## യൂദിത്ത് ഫോറം

### യൂദിത്ത് ഫോറം മരിയാപുരം യൂണിറ്റ്

യൂദിത്ത് ഫോറം മരിയാപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനം സമുചിതമായി ആചരിച്ചു. ആനിമേറ്റർ സിസ്റ്റർ ഗീത അദ്ധ്യക്ഷം വഹിച്ചു. സിസിലി വെട്ടം വനിതാ ദിനത്തെപ്പറ്റി ഒരു ലഘു വിവരണം നൽകി. ഏറ്റവും പ്രായം കൂടിയ യൂദിത്ത് അംഗം മറിയാമ്മയെ, വികാരി ഫാ. ജോർജ്ജ് കളപ്പുര പൊന്നാട അണിയിച്ച് ആദരിച്ചുകൊണ്ട് മീറ്റിംഗ് ഉദ്ഘാടനംചെയ്തു. മറ്റു വിശിഷ്ട വ്യക്തികളെ ഫാ. സിറിൽ എളകോടിക്കൽ MSFS പൂച്ചെണ്ട് നൽകി ആദരിച്ചു. സി. അനില എസ്. എച്ച് 'പ്രകാശിതവൈധവ്യം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നല്കി.

യൂദിത്ത് വനിതകൾക്ക് വായനാശീലം വളർത്തുക എന്ന ലക്ഷ്യ ത്തോടെ ഒരു ലൈബ്രറി പ്രവർത്തനോദ്ഘാടനം വികാരി ഫാ. ജോർജ്ജ് കളപ്പുര നിർവ്വഹിച്ചു. തുടർന്ന് സെൽഫ് ഹെൽപ്പ് ഗ്രൂപ്പി ന്റെ മീറ്റിംഗ് നടന്നു. മീറ്റിംഗിൽ നാൽപതോളം വനിതകൾ പങ്കെടുത്തു.

### യൂദിത്ത് ഫോറം കൂരാച്ചുണ്ട് ഫൊറോന സംഗമം നടത്തി

താമരശ്ശേരി രൂപത യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 29-ാം തീയതി ശനിയാഴ്ച കൂരാച്ചുണ്ട് ഫൊറോനയിലെ എല്ലാ വിധവകളുടെയും സംഗമം കൂരാച്ചുണ്ട് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പ്രസ്തുത സംഗമത്തിൽ കേരള വനിത വികസന കോർപ്പറേഷൻ ചെയർപേഴ്സൺ ശ്രീമതി കെ.സി റോസക്കുട്ടി ടീച്ചർ (മുൻ MLA) വനിതകൾക്ക് ലഭ്യമാക്കുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും സംരംഭങ്ങളെ കുറിച്ചും വിശദമായ ക്ലാസ് നൽകി. ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ അധ്യക്ഷനായിരുന്നു. യൂദിത്ത് ഫോറം താമരശ്ശേരി രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. രൂപത ആനിമേറ്റർ സി. റെനി ജോസ് സിഎംസി ആമുഖ പ്രഭാഷണം നടത്തി. എസ് എച്ച് കോൺഗ്രിഗേഷൻ സോഷ്യൽ വർക്ക് ഡയറക്ടർ സി. ജോസ്മി എസ് എച്ച്, സി. ട്രീസ ജോസ് സിഎംസി, ശ്രീമതി പ്രസന്ന അഴകത്ത് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ഫൊറോനയിലെ വിവിധ ഇടവകകളിലെ ആനിമേറ്റർ സിസ്റ്റർമാർ പ്രോഗ്രാമിന് നേതൃത്വം നൽകി. മീറ്റിംഗിൽ 200 വനിതകൾ പങ്കെടുത്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ്, യൂദിത്ത്ഫോറം

## ബഥാനിയ ധ്യാനകേന്ദ്രം

*അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.* (1 പത്രോസ് 2:24)

ഒരു വർഷം പഠിച്ചതു മുഴുവൻ പരീക്ഷിക്കപ്പെടുന്നതിന്റെ ആകുലതയും ഉത്കണ്ഠയും നേരിടുന്ന ആനേകം കുഞ്ഞുങ്ങൾ ബഥാനിയായിലെ പ്രാർത്ഥനാ ശുശ്രൂഷകളിൽ ആശ്വാസം കണ്ടെത്തുകയും പരി. അമ്മയുടെ സഹായം നേടി പ്രാർത്ഥിക്കുകയും ചെയ്യുന്ന ദിനങ്ങളായിരുന്നു കടന്നുപോയത്. പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ദൈവജനത്തെ വലിയ ആഴ്ചയിലേക്ക് ഒരുക്കുന്നതിനായി ബഥാനിയ അനേകം ശുശ്രൂഷകൾ ക്രമീകരിച്ചിരുന്നു.

### ധ്യാനം

മാർച്ച് 14 മുതൽ 17 വരെ ആയിരുന്നു ഈ മാസത്തെ ധ്യാനം. ദുഃഖവെള്ളിയുടേയും ഉയിർപ്പിന്റെയും തിരുക്കർമ്മങ്ങളിലേക്ക് ശരീരത്തേയും മനസ്സിനേയും ഒരുക്കി ആത്മീയ അഭിഷേകത്തിലേക്ക് നയിക്കുന്ന രീതിയിലായിരുന്നു ധ്യാനം ക്രമീകരിച്ചിരുന്നത്. സഭയുടെ ഒദ്യോഗിക ഡെലിവറൻസ് ശുശ്രൂഷയുടെ

പ്രാധാന്യം മനസ്സിലാക്കി കുടുംബസമേതം ധ്യാനത്തിൽ സംബന്ധിക്കാൻ ധാരാളം ആളുകളെത്തി. ഇരുന്നൂറോളം പേർ പങ്കെടുത്ത ഈ ധ്യാനത്തിന്റെ സമാപനദിവസം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് വി. കുർബ്ബാന അർപ്പിച്ച് സന്ദേശം നൽകി. ബഥാനിയ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പുളിക്കൽ അച്ചനാണ് ധ്യാനം നയിച്ചത്.

### ഏകദിന കൺവെൻഷൻ

ഈ മാസം എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻ ഷൻ നടന്നു. പങ്കെടുക്കുന്നവർക്ക് നോമ്പിന്റെ ചൈതന്യം പകരുന്ന ശുശ്രൂഷകളായിരുന്നു ഓരോ വെള്ളിയാഴ്ചകളിലും ഒരുക്കിയിരുന്നത്. മണിക്കൂറുകൾ നീളുന്ന വി. കുമ്പസാരത്തിലൂടെ നൂറുകണക്കിന് ആളുകളാണ് തങ്ങളെത്തന്നെ വിശുദ്ധീകരിച്ച് വിശുദ്ധവാര ശുശ്രൂഷകളിലേക്ക് ഒരുങ്ങുന്നത്.

"തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് ഹൃദയ പരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്". (സങ്കീ. 145:18) കർത്താവിന്റെ തിരുസന്നിധിയിൽ വിശ്വാസപൂർവ്വം പ്രാർത്ഥിക്കുന്നതിനായി ആയിരങ്ങളാണ് ഓരോ വെള്ളിയാഴ്ചയും ബഥാനിയയിലേക്ക് കടന്നു വരുന്നത്. അവിടുന്ന് നൽകുന്ന ആശ്വാസവും ആനന്ദവും സ്വന്തമാക്കിയാണ് തിരികെ പോകുന്നത്.

മാർച്ച് 7-ാം തിയ്യതി, ആദ്യവെള്ളിയാഴ്ച ആവേമരിയ ഹാളിൽ നടന്ന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുക്കുന്നത്. ദിവ്യകാരുണ്യ പ്രദക്ഷിണസമയത്ത് ആനന്ദാശ്രുക്കളോടെയാണ് ദൈവജനം ഈശോയെ എതിരേറ്റത്. രാവിലെ 9 മണിക്ക് ആരംഭിച്ച ഏകദിന ശുശ്രൂഷയിൽ കുരിശിന്റെ വഴി ജപമാല ദിവ്യകാരുണ്യ ആരാധന, സൗഖ്യശുശ്രൂഷ, ഡെലിവറൻസ് ശുശ്രൂഷ, ഗാനശുശ്രൂഷ, വി. കുർബാന, വചനസന്ദേശം, വി. കുമ്പസാരം സ്പിരിച്വൽ ഷെയറിംഗ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വി. കുർബാനയും വി. കുമ്പസാരവും

ഞായർ ഒഴികെ എല്ലാ ദിവസവും മൂന്നു വി. കുർബാനകൾ ക്രമീകരിച്ചിട്ടുണ്ട്. രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകീട്ട് 7 മണിക്കുമാണ് വി. കുർബാനകൾ നോമ്പിന്റെ ചൈതന്യമുൾക്കൊള്ളുന്ന ധാരാളം ഭക്തജനങ്ങൾ എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുന്നു. എല്ലാ ദിവസവും വി. കുമ്പസാരത്തിന് സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

### കുരിശിന്റെ വഴി പ്രാർത്ഥന

രാവിലെ വി. കുർബാനയ്ക്ക് ശേഷവും ഉച്ചയ്ക്കും വൈകീട്ടും വി. കുർബാനയ്ക്ക് മുമ്പും കുരിശിന്റെ വഴി പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നു. ധാരാളം പേർ ത്യാഗത്തോടെ ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുന്നു.

## സ്പിരിചൽ ഷെയറിംഗ്

ഞായർ ഒഴികെ എല്ലാ ദിവസവും സ്പിരിചൽ ഷെയറിംഗ് ഉണ്ടായിരുന്നു. തങ്ങളുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിനുള്ള പദ്ധതി ഏതെന്ന് അറിയുന്നതിനും അതനുസരിച്ച് ജീവിതത്തെ ക്രമീകരിക്കുന്നതിനുമായി അനേകർ ഒരോ ദിവസവും ഈ ശുശ്രൂഷയിൽ പങ്കെടുക്കുന്നു. പ്രത്യേകം പരിശീലനം ലഭിച്ച സന്യസ്തരും അത്മായരുമാണ് ഈ ശുശ്രൂഷ നയിക്കുന്നത്.

## മദ്ധ്യസ്ഥപ്രാർത്ഥന

ബഥാനിയായിലെ വിവിധ ചാപ്പലുകളിലായി എല്ലാ ദിവസവും മദ്ധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരുന്നു. ലോകും മുഴുവനും വേണ്ടിയുള്ള ഈ പ്രാർത്ഥന നയിക്കുന്നത്. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്.

## 2025 ഏപ്രിൽ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 04 ആദ്യവെള്ളി | : | ഏകദിന കൺവെൻഷൻ |
| 11 വെള്ളി | : | ഏകദിന കൺവെൻഷൻ (40-ാം വെള്ളി) |
| 13 ഞായർ | : | ഓശാന |
| | | ജീവിത വിശുദ്ധീകരണ ധ്യാനം (13-16) |
| 17 വ്യാഴം | : | പെസഹാവ്യാഴം |
| 18 വെള്ളി | : | ദുഃഖവെള്ളി |
| 20 ഞായർ | : | ഈസ്റ്റർ |
| 25 വെള്ളി | : | ഏകദിന കൺവെൻഷൻ |

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി

### നഴ്സിംഗ് അഡ്മിഷൻ

കർണാടക നഴ്സിംഗ് പ്രവേശന പരീക്ഷയുടെ ഭാഗമായി പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2-ാം തീയതി ബുധനാഴ്ച താമരശ്ശേരി M M P C ഹാളിൽ വെച്ച് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്സ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചു. അതിനോട് അനുബന്ധിച്ച് രജിസ്ട്രേഷൻ സൗകര്യം ആരംഭിച്ചു. കർണാടകത്തിലെ മംഗലാപുരം, മൈസൂർ, ബാംഗ്ലൂർ, ഉഡുപ്പി, ഹസ്സൻ, ഷിമോഗ തുടങ്ങിയ സ്ഥലങ്ങളിലെ കോളേജുകളിൽ വിവിധ കോഴ്സുകളിലേക്കായി അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു.

### ട്രെയിനിങ്

- ചെലവൂർ ലിറ്റിൽ ഫ്ളവർ സ്കൂളിൽ 10,12 ക്ലാസ്സുകളിലെ കുട്ടികൾക്കായി PATHFINDER എന്ന പേരിൽ Memory Techniques, Motivation, Time Management, Stress Management, Goal Setting എന്നീ വിഷയങ്ങളെ ആസ്പദമാക്കി LDS ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, ട്രെയിനർമാരായ മാത്യു മേൽവെട്ടം, സന്ദീപ് കളപ്പുരയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

- സേക്രഡ് ഹാർട്ട് യു പി സ്കൂളിൽ Effective Public Speaking ട്രെയിനിങ് സംഘടിപ്പിച്ചു. LDS ട്രെയിനർമാരായ മാത്യു മേൽവെട്ടം, സന്ദീപ് കളപ്പുരയ്ക്കൽ എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. 44 കുട്ടികൾ പങ്കെടുത്തു.

- പുതിയ അധ്യായന വർഷത്തേക്കുള്ള കോഴ്സുകളുടെ അഡ്മിഷന്റെ ഭാഗമായി സ്റ്റാഫുകൾക്കായി ട്രെയിനിങ് പ്രോഗ്രാം നടത്തി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ

# വികസന വേദി

## സിഒഡിയുടെ ഏരിയ ഓഫീസ് ഉദ്ഘാടനം ചെയ്തു

താമരശ്ശേരി രൂപതയുടെ സോഷ്യൽ സർവീസ് സൊസൈറ്റിയായ സെന്റർ ഫോർ ഓവറോൾ ഡെവലപ്പമെന്റിന്റെ (സിഒഡി)കോടഞ്ചേരി ഏരിയ ഓഫീസ് ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് ഫൊറോന വികാരി ഫാ. കുര്യാക്കോസ് ഐക്കൊളമ്പിൽ അധ്യക്ഷത വഹിച്ചു .കോടഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് അലക്സ് തോമസ് മുഖ്യപ്രഭാഷണം ന ടത്തി. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, വാർഡ് മെമ്പർ ചിന്ന അശോകൻ, സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ ലക്ഷ്മി, സിഒഡി പ്രോഗ്രാം കോർഡിനേറ്റർ കെ സി ജോയി, ഏരിയ കോർഡിനേറ്റർ ഷീജ ടോബി, ഗ്രാമവി കസന സമിതി പ്രസിഡന്റ് റോസമ്മ സിറിയക്, സെക്രട്ടറി ടെസ്സി ജോസ്, ആൽ ബിൻ സഖറിയാസ് എന്നിവർ സംസാരിച്ചു.

വെറ്റിലപ്പാറ ഏരിയ ഓഫീസ് ഊർങ്ങാട്ടിരി പഞ്ചായത്ത് മെമ്പർ ദീപ രജി ദാസ് ഉദ്ഘാടനം ചെയ്തു. ഗ്രാമവികസന സമിതി പ്രസിഡന്റ് മേഴ്സി ജെയിം സ് അധ്യക്ഷത വഹിച്ചു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ആ മുഖപ്രഭാഷണം നടത്തി. ഏരിയകോർഡിനേറ്റർ ഷൈനി സിബി, ജിവിഎസ് പ്ര തിനിധികൾ എന്നിവർ സംസാരിച്ചു. സിഒഡിയും അനുബന്ധ സ്ഥാപനങ്ങളു മായി ബന്ധപ്പെട്ട സേവനങ്ങൾ ഏരിയ ഓഫീസിൽ ലഭിക്കും.

തിരുവമ്പാടി ഏരിയ ഓഫീസ് പുല്ലൂരാംപാറയിൽ സെന്റ് ജോസഫ്സ് ഇട വക വികാരി ഫാ. സെബാസ്റ്റ്യൻ പുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. വിക സനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിചെയർപേഴ്സൺ ലിസി മാളിയേക്കൽ, ഏരിയ കോർഡിനേറ്റർ റെനി സാബു, എന്നിവർ സംസാരിച്ചു. പുതുപ്പാടി ഏരിയ ഓ ഫീസ് വിൻസെൻഷ്യൻ ധ്യാനകേന്ദ്ര ഡയറക്ടർ ഫാ. ബിജു പോൾ VC ഉദ്ഘാ ടനം ചെയ്തു. സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര അധ്യക്ഷത വ ഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷിജു ഐസക്, ഏരിയ കോർഡിനേറ്റ ർ ഡെയ്സി ജോയി, ജിവിഎസ് പ്രസിഡന്റ് സവിത ജിജു, ഓഫീസ് സെക്രട്ടറി റിൻസി മനോജ് എന്നിവർ സംസാരിച്ചു.

ചക്കിട്ടപ്പാറ ഏരിയ ഓഫീസ് ചെമ്പനോടയിൽ സെന്റ് ജോസഫ്സ് ഇടവക വികാരി ഫാ. ഡോമിനിക് മുട്ടത്തുകുടിയിൽ ഉദ്ഘാടനം ചെയ്തു. സിഒഡി ഡയ റക്ടർ ഫാ. തോമസ് പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. മെമ്പർ കെ.എ ജോസു ട്ടി, ഏരിയ കോർഡിനേറ്റർ ഷീന റോബിൻ, ജിവിഎസ് പ്രസിഡന്റ് ലിസി

പൗലോസ്, മരുതോങ്കര ജിവിഎസ് ട്രഷറർ എൽസി ദേവസ്യ, ഓഫീസ് സെക്രട്ടറി അനീഷ വിനോദ്, എന്നിവർ സംസാരിച്ചു.

വിലങ്ങാട് ഏരിയ ഓഫീസ് സെന്റ് ജോർജ്ജ് ഇടവക വികാരി ഫാ. വിൽസൺ മുട്ടത്തുക്കുന്നേൽ ഉദ്ഘാടനം ചെയ്തു. സിഡി ഡയറക്ടർ ഫാ. തേമസ് പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സൽമ രാജു, ഏരിയ കോർഡിനേറ്റർ ഉഷ ജോണി, ജിവിഎസ് പ്രസിഡന്റ് റെനി ബെന്നി, ഓഫീസ് സെക്രട്ടറി അഞ്ജലി ടി എം എന്നിവർ സംസാരിച്ചു.

കൂരാച്ചുണ്ട് ഏരിയ ഓഫീസ് സെന്റ് തോമസ് ഫൊറോന വികാരി ഫാ. വിൻസന്റ് കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. സിഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര അധ്യക്ഷത വഹിച്ചു. ഫാ. മൈക്കിൾ നീലംപറമ്പിൽ, ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ, ജിവിഎസ് സെക്രട്ടറി മേരി അഗസ്റ്റിൻ, കായണ്ണ ജിവിഎസ് പ്രസിഡന്റ് ധന്യ നീലാംബരി, ഓഫീസ് സെക്രട്ടറി റിൻസി സാബു എന്നിവർ സംസാരിച്ചു.

### ക്യാൻസർ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു

സിഡിയുടെ ആശാകിരണം പ്രൊജക്റ്റിന്റെ ഭാഗമായി ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ വനിതകൾക്കായി സ്വയം സഹായ സംഘങ്ങൾ, എം സി സി കുടുംബശ്രീ, തലങ്ങളിൽ ക്യാൻസർ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. സി ഒ ഡി പ്രോഗ്രാം കോ-ഓർഡിനേറ്റർ വിവിധ പദ്ധതികളെക്കുറുച്ച് വിശദീകരിച്ചു. റോണി ഗിൽബർട്ട്, വിപിൻ വാസുദേവൻ എ, ധന്യ എം, എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

### കാർഷിക വായ്പ വിതരണം

സിഡിയുടെ നേതൃത്വത്തിൽ ഇടവക പഞ്ചായത്തുതലങ്ങളിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു. കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. പൂനൂർ കനറാ ബാങ്ക് ബ്രാഞ്ചുമായി സഹകരിച്ചു കാർഷിക വായ്പ വിതരണം നടത്തി. ബ്രാഞ്ച് മാനേജർ ശ്രീകുമാർ, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി. കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, പുല്ലൂരാംപാറ എന്നിവിടങ്ങളിലായി 32 ജെഎൽജികൾക്ക് കാർഷിക വായ്പ വിതരണം നടത്തി.

### ട്രെയിനിങ് പ്രോഗ്രാം

സി ഒ ഡി യുടെ വിവിധ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഓഫീസ് സെക്രട്ടറി, മറ്റു തിരഞ്ഞെടുക്കപ്പെട്ടവർ എന്നിവർക്കായി അൽഫോൻസാ ട്രൈനിംഗ് ഹാളിൽ വച്ച് ട്രെയി നിങ് പ്രോഗ്രാം സംഘടിപ്പിച്ചു. സി ഒ ഡി ഡയറക്ടർ, കോ-ഓർഡിനേറ്റർ എന്നിവർ നേതൃത്വം നല്കി.

### സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനം

സാമൂഹിക പ്രവർത്തനത്തിനുള്ള പരിശീലനത്തിന്റെ ഭാഗമായി ശ്രീ വൈദ്യ തി രാജ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കരുനാഗപ്പള്ളി നിന്ന് 5 ബി. എസ്.ഡബ്ല്യൂ കുട്ടികൾ കോഴ്സിന്റെ ഭാഗമായി ഒരു മാസത്തെ പരിശീലനം നടത്തി വരുന്നു. പരിശീലനത്തിന്റെ ഭാഗമായി പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ മാരുമായി സഹകരിച്ചു ഓഫിസിലും ഫീൽഡിലുമായി പരിശീലനം നേടിവരുന്നു. ഗ്രാമവികസന സമിതികൾ, എംസിസി, സ്വാശ്രയ സംഘങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ചു COD ഏരിയ കോ-ഓർഡിനേറ്ററുമാരുടെ നേതൃത്വത്തിൽ പഠനങ്ങൾ നടത്തുകയും, വിവിധ പരിപാടികളിൽ പങ്കെടുത്തു ആവശ്യമായ വിഷയങ്ങളെക്കുറിച്ചു ക്ലാസ്സുകൾ നല്കുകയുംചെയ്തു വരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു.

### കാരിത്താസ് ഇന്ത്യ

കാരിത്താസ് ഇന്ത്യ ഫെബ്രുവരി 12, 15 തീയ്യതികളിലായി ഇൻഡോർ ജാൻവിക സൊസൈറ്റിയിൽ വച്ച് പ്രൊജക്റ്റ് ഡിസൈൻ ആൻഡ് മാനേജ്മന്റ് വിഷയത്തിൽ ട്രെയ്നിങ് പ്രോഗ്രാം സംഘടിപ്പിച്ചു. സി ഒ ഡിയെ പ്രതിനിധീകരിച്ചു ഫാ. സായി പാറൻകുളങ്ങര, കോ-ഓർഡിനേറ്റർ സിദ്ധാർഥ് എസ് നാഥ്, ആൽബിൻ സഖറിയാസ് എന്നിവർ പങ്കെടുത്തു. ഐ ജി എസ് എസ് സീനിയർ മാനേജർ ആന്റണി ചെത്രി ക്ലാസ് നയിച്ചു.

### വനിതാ ദിനാഘോഷം

കേരള സോഷ്യൽ സർവീസ് ഫോറത്തിൽ വനിതാ ദിനാഘോഷം കോട്ടയത്തു വച്ച് നടത്തിയ പരിപാടിയിൽ സി.ഒ.ഡിയെ പ്രതിനിധീകരിച്ചു തിരുവമ്പാടി വികസനകാര്യം ചെയർപേഴ്സൺ ശ്രീമതി ലിസി എബ്രഹാം ഉപഹാരം ഏറ്റു വാങ്ങി. ദർശൻ സമിതിയുടെ പുതിയ എക്സിക്യൂട്ടീവ് മെമ്പർ ആയി താമരശ്ശേരി രൂപത പ്രതിനിധിയായി സി.ഒ.ഡി ഏരിയ കോ-ഓർഡിനേറ്റർ ഡെയ്സി ജോയിയെ തിരഞ്ഞെടുത്തു. സി.ഒ.ഡിയുടെ നേതൃത്വത്തിൽ വിവിധ ഗ്രാമ വികസന സമിതികൾ, മഹിളാ സമാജങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവിടങ്ങളിൽ വനിതാ ദിനാഘോഷം നടത്തപ്പെട്ടു. പ്രായം കൂടിയ വനിതാ അംഗത്തെ ആദരിച്ചു.

### വിലങ്ങാട് പുനരധിവാസം

കെസിബിസി സി.ഒ.ഡിയുടെ ആഭിമുഖ്യത്തിൽ നിർമ്മിക്കുന്ന വീടിന്റെ തറക്കല്ലിടൽ കർമ്മം മരുതോങ്കര അസി. വികാരി ഫാ. ഇമ്മാനുവേൽ കുറൂർ നിർവഹിച്ചു. വിലങ്ങാട് കുഴിയാംപ്ലാവിൽ ബിനു ലൂക്കോസിന്റെ ഭവനനിർമ്മാണത്തിന് പാലൂർ ഇടവക വികാരി ഫാ. ആൽബിൻ കോയിപുറത്ത് തറക്കല്ലിട്ടു.

# Institute of Food and Agricultural Ethics (IFAE)

## Biodiversity Agricultural Nursery

കാർഷിക നഴ്സറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. നഴ്സറി സ്റ്റോറിന്റെ നിർമ്മാണവും യു വി ഷീറ്റ് ഹൗസിന്റെ നിർമ്മാണവും പൂർത്തിയായി. താമരശ്ശേരി ബിഷപ്പ് ഹൗസിനോട് ചേർന്ന് ഹൈവേ സൈഡിൽ ആണ് ഇത് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ വിവിധ പ്രവർത്തനങ്ങളും കൃഷിയും ആരംഭിച്ചു.

**Kisan Bharath Web Portal -** www.kisanbharath.com, Helpline- 9946646205

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ വാങ്ങാനും വിൽക്കാനും ഈ വെബ് പോർട്ടലിലൂടെ സാധിക്കുന്നു. കൂടാതെ കാർഷിക പണിയായുധങ്ങൾ വാടകയ്ക്ക് എടുക്കാനും നൽകാനും കാർഷിക കാർഷികേതര ജോലികൾ കണ്ടെത്താനും നൽകാനും ഇതിലൂടെ സാധിക്കുന്നു. അതുപോലെതന്നെ ഭവന, ഭൂമി വസ്തുവകകളുടെ വാങ്ങൽ വിൽക്കൽ വാടക സംബന്ധമായ ഏതൊരു ആവശ്യങ്ങൾക്ക് വേണ്ടിയും ഈ പോർട്ടൽ പ്രയോജനപ്പെടുത്താവുന്നതാണ്.

## Kisan Line

കർഷകർക്ക് ഏതൊരാവശ്യത്തിനും ബന്ധപ്പെടാവുന്ന ഹെൽപ്പ് ലൈൻ ടോൾഫ്രീ നമ്പർ സമ്പ്രദായമാണ് കിസാൻലൈൻ. ടോൾഫ്രീ നമ്പർ : 1800425377, www.kisanline.com

# TAFCOS

താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെ യർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. ഡി. 3378 (TAFCOS), Web: www.tafcos.com, Ph: 6282914112.

* നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ!
* വായ്പകൾക്ക് കുറഞ്ഞ പലിശ!
* ചിട്ടിക്ക് സമാനമായ പ്രതിമാസ സമ്പാദ്യ പദ്ധതി
* (MSS), സല 1 ലക്ഷം, 40 മാസം, പ്രതിമാസ തവണ 2500 രൂപ.
* സല 2 ലക്ഷം, 40 മാസം, പ്രതിമാസ തവണ 5000 രൂപ.
* സല 6 ലക്ഷം, 24 മാസം, പ്രതിമാസ തവണ 25000 രൂപ
* സല 10 ലക്ഷം, 50 മാസം, പ്രതിമാസ തവണ 20000 രൂപ

* 30% വരെ ലേലകുറവ് പ്രതിമാസ തവണയിൽ
* സ്വർണ്ണ പണയ വായ്പയിൽ കുറഞ്ഞ പലിശക്ക് പവന് 50000 രൂപ വരെ വായ്പ.
* അയൽക്കൂട്ടം ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശക്ക് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്നു.

ഒരു വർഷത്തിന് മുകളിലുള്ള നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ നമ്പർ: 9544285018, 9446784281, 6282914112

# PILGRIMAGE

താമരശ്ശേരി രൂപതയുടെ നേതൃത്വത്തിലുള്ള തീർത്ഥയാത്രകൾ വിജയകരമായി നടത്തിവരുന്നു. വൈദികരുടെ ആത്മീയ നേതൃത്വം, യാത്രയ്ക്ക് ഒരുക്കമായുള്ള മീറ്റിംഗുകൾ, പരിചയസമ്പന്നരായ ടൂർഗൈഡുകളുടെ സേവനം എന്നിവ ഉറപ്പുവരുത്തുന്നു.

2025 വർഷത്തെ വിശുദ്ധനാട് തീർത്ഥയാത്ര (ഏപ്രിൽ 22), ജൂബിലി വർഷത്തിൽ റോം സന്ദർശിക്കുവാനും മാർപാപ്പയെ കാണുവാനും സുവർണ്ണ അവസരം ഒരുക്കുന്ന യൂറോപ്പ് തീർത്ഥയാത്ര (മെയ്19), ഡൽഹി ആഗ്ര അമൃത്സർ യാത്ര (ഏപ്രിൽ 24), ഗോവയാത്ര (ഏപ്രിൽ 25) എന്നിവയ്ക്കുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി വിവിധ യാത്രകളിലേക്ക് ബുക്ക് ചെയ്തവർക്കായി മീറ്റിംഗുകൾ സംഘടിപ്പിച്ചു. ഗോവ, ഡൽഹി ആഗ്ര അമൃത്സർ യാത്രകൾക്കായുള്ള ബുക്കിംഗ് അവസാനിച്ചു. മറ്റ് യാത്രകൾക്ക് ഏതാനും സീറ്റുകൾ ബാക്കിയുണ്ട്. യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തികളുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക - Ph: 9544285018.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2025 ഫെബ്രുവരി മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ ഇടവകയും താഴെ ചേർക്കുന്നു.

### Education

| | | |
|---|---|---|
| 1 | Adackakundu | 15,000.00 |
| 2 | Chakkittappara | 15,000.00 |
| 3 | Kodanchery | 15,000.00 |
| 4 | Koorachundu | 10,000.00 |
| 5 | Muthukad | 10,000.00 |
| 6 | Paropady | 10,000.00 |

### Home

| | | |
|---|---|---|
| 7 | Chamal | 8,000.00 |
| 8 | Kannoth | 15,000.00 |
| 9 | Kodanchery | 15,000.00 |
| 10 | Malaparamba | 10,000.00 |
| 11 | Mankada | 10,000.00 |
| 12 | PT Chacko Nagar | 10,000.00 |
| 13 | Pushpagiri | 15,000.00 |
| 14 | Theyyappara | 10,000.00 |
| 15 | Valamboor | 15,000.00 |


### Marriage

| | | |
|---|---|---|
| 16 | Kodanchery | 20,000.00 |
| 17 | Muthukad | 20,000.00 |
| 18 | Pulloorampara | 20,000.00 |
| 19 | Thazhekode | 20,000.00 |

### Medical

| | | |
|---|---|---|
| 20 | Chempanoda | 15,000.00 |
| 21 | Erude | 10,000.00 |
| 22 | Kalkundu | 15,000.00 |
| 23 | Karikandanpara | 15,000.00 |
| 24 | Koorachundu | 15,000.00 |
| 25 | Kunduthode | 10,000.00 |
| 26 | Kuppayakode | 15,000.00 |
| 27 | Kuttipuram | 10,000.00 |
| 28 | Perinthalmanna | 10,000.00 |
| 29 | Poothampara | 10,000.00 |
| 30 | Thamarassery | 5,000.00 |
| 31 | Thazhekode | 8,000.00 |
| 32 | Vettilappara | 8,000.00 |
| 33 | Vilakkamthode | 15,000.00 |
| | **Total** | **4, 24,000.00** |

**ഫാ. കുര്യാക്കോസ് മുകാല**
ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

## മാർച്ച്

01 രാവിലെ, കുളത്തുവയൽ ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹാംഗം, പരേതയായ സി. മേരി തെക്കേലിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് അനുസ്മരണശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

ചെമ്പനോട ഇടവകയിൽ, ജർമ്മനിയിൽ പഠനത്തിലായിരിക്കെ മരണമടഞ്ഞ, പേഴത്തിങ്കൽ ഡോണയുടെ ഭവനത്തിൽ ചെന്ന് കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

താമരശ്ശേരി രൂപതാഭവൻ വി. ജോൺ പോൾ രണ്ടാമൻ ഓഡിറ്റോ റിയത്തിൽ നടന്ന രൂപതാതല വിശ്വാസോത്സവ പഠനശിബി രത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

01 - 02 മാലാപാറമ്പ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

അമ്പതു നോമ്പിനൊരുക്കമായുള്ള *പേത്തൂർത്ത* ആഘോഷ ങ്ങളിൽ രൂപതഭവൻ അംഗങ്ങളോടൊപ്പം പങ്കെടുത്തു.

03 രാവിലെ, മേരി മാതാ കത്തീഡ്രൽ ഇടവകയിൽ വിഭൂതി തിരുന്നാൾ തിരുക്കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

04 രാവിലെ, രൂപതാഭവനിൽ നടന്ന വൈദികസമിതിയോഗത്തിൽ അധ്യക്ഷത വഹിച്ചു.

05 രാവിലെ, കരുവാരക്കുണ്ട് വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കു കയും ചെയ്തു.

05 - 06 ഉച്ചകഴിഞ്ഞ്, പെരിന്തൽമണ്ണ വൈദികമന്ദിരത്തിൽ ഫൊറോന യിലെ വൈദികരുമായി കൂടിക്കാഴ്ച നടത്തി.

06 ഉച്ചകഴിഞ്ഞ്, ചക്കിട്ടപാറ ഇടവകയിൽ പരേതനായ മണിക്കൊമ്പേൽ ജേക്കബിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

കുളത്തുവയൽ ഇടവകയിൽ തിരുഹൃദയ സന്യാസിനി സമൂഹാംഗം പരേതയായ സി. മേരി ജിൽസ് കണക്കഞ്ചേരിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

07 രാവിലെ, പി.എം.ഒ.സി.യിൽ പ്രീകാനാ കോഴ്സിൽ സംബന്ധി ക്കുന്നവർക്കുവേണ്ടി വി. കുർബാനയർപ്പിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

രാവിലെ, ചെമ്പനോട ഇടവകയിൽ, ജർമ്മനിയിൽ പഠനത്തിലാ യിരിക്കെ മരണമടഞ്ഞ, പേഴത്തിങ്കൽ ഡോണയുടെ മൃതസം സ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഉച്ചകഴിഞ്ഞ്, മലാപ്പറമ്പ് പി.ഡി.ഡി.എം. സന്യാസിനി ഭവനത്തിൽ പരേതയായ സി. അപ്പസ്റ്റോലിന മെഴുകനാലിന് വേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 രാവിലെ, എം.എം.പി.സി.യിൽ ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ മലബാർ റീജിയിൻ സംഗമം 'നവപ്രഭ 2025' ഉദ്ഘാടനം ചെയ്തു.

രൂപതാഭവനിൽ നടന്ന ഇൻഫാമിന്റെ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ ആദ്ധ്യക്ഷം വഹിച്ചു.

താമരശ്ശേരി രൂപതാഭവൻ വി. ജോൺ പോൾ രണ്ടാമൻ ഓഡിറ്റോ റിയത്തിൽ, താമരശ്ശേരി രൂപതയിലെ വിവിധ ഇടവകകളിലെ പാരീഷ് സെക്രട്ടറിമാരുടെ സമ്മേളനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്, താമരശ്ശേരിയിൽ പരേതനായ വിദ്യാർത്ഥി ഷഹബാസിന്റെ ഭവനം സന്ദർശിച്ചു.

ഈരൂട് ഇടവകയിൽ, പി.ഡി.ഡി.എം. സന്യാസിനി സമൂഹത്തിലെ പരേതയായ സി. അപ്പസ്റ്റോലിന മെഴുകനാലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

09 രാവിലെ, ഈസ്റ്റ് ഹിൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, എം.എസ്.എഫ്.എസ്. സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ റവ. ഡോ. ജോൺസൻ കല്ലിടുക്കിൽ എം.എസ്.എഫ്.എസിനെ രൂപതാഭവനിൽ സ്വീകരിച്ചു.

10 കോടഞ്ചേരി പാരീഷ് ഹാളിൽ വിവിധ ക്രൈസ്തവ മേലദ്ധ്യക്ഷ ന്മാരുടെ നേതൃത്വത്തിൽ, യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫോറം സംഘടിപ്പിച്ച കോടഞ്ചേരി മേഖല നേതൃസംഗമത്തിൽ അധ്യക്ഷത വഹിച്ചു.

10 താമരശ്ശേരിയിൽ, പൂക്കിപ്പറമ്പ് ബസ് അപകടത്തിൽ മരണമടഞ്ഞ ജീസസ് യൂത്ത് പ്രവർത്തകരുടെ ഓർമ്മയ്ക്കായി ജീസസ് യൂത്ത് പ്രവർത്തകർ നിർമ്മിച്ചു നല്കിയ ഭവനത്തിന് താക്കോൽ കൈമാറി.

11 രാവിലെ, താമരശ്ശേരി ആരാധന സന്യാസിനി സമൂഹത്തിന്റെ പ്രവിശ്യാഭവൻ കപ്പേളയിൽ വി. കുർബാന അർപ്പിച്ചു.

വൈകുന്നേരം, കൂടത്തായി ഇടവകയിൽ, പൂക്കിപ്പറമ്പ് ബസ് അപകടത്തിൽ മരണമടഞ്ഞ ജീസസ് യൂത്ത് പ്രവർത്തകരുടെ ഓർമ്മയ്ക്കായി ജീസസ് യൂത്ത് പ്രവർത്തകർ നിർമ്മിച്ചു നല്കിയ നാല് ഭവനങ്ങൾ വെഞ്ചരിച്ചു.

12 രാവിലെ, ഊരകം അൽഫോൻസ സ്കൂളിൽ മലപ്പുറം ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

13 – 14 പാറോപ്പടി വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കു കയും ചെയ്തു.

13 ഉച്ചയ്ക്ക്, പുല്ലൂരാംപാറ പെയിൻ ആന്റ് പാലിയേറ്റീവ് സംഘടന പുതുതായി വാങ്ങിയ ആമ്പുലൻസ് വെഞ്ചരിച്ചു.

14 വൈകുന്നേരം, സനാതന എം.സി.ബി.എസ്. മേജർ സെമിനാരിയിൽ പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കല്ല്യാൺ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് ഇലവനാൽ പിതാവിന്റെ ജൂബിലി ആഘോഷങ്ങളിൽ സംബ ന്ധിച്ചു.

15 രാവിലെ, സനാതന എം.സി.ബി.എസ്. മേജർ സെമിനാരിയിൽ ഏതാനും വൈദിക വിദ്യാർത്ഥികൾക്ക് കല്ല്യാൺ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് ഇലവനാൽ പിതാവിനോടൊപ്പം മ്ശംശാന പട്ടം നല്കി.

താമരശ്ശേരി രൂപതാഭവൻ വി. ജോൺ പോൾ രണ്ടാമൻ ഓഡിറ്റോ റിയത്തിൽ, എഫ്.എസ്.റ്റി. സംഗമത്തിൽ സംബന്ധിച്ച സന്യാസി നിമാർക്ക് ക്ലാസ്സെടുത്തു.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി ഇടവകയിൽ അഭിവന്ദ്യ ജോസഫ് കുന്നത്ത് പിതാവിന്റെ ജ്യേഷ്ഠസഹോദരൻ പരേതനായ കെ.എം. മാത്യു കുന്നത്തിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം മുതുകാട് അങ്ങാടിയിൽ, സോഷ്യലിസ്റ്റ് സാംസ്കാരിക വേദി, പേരാമ്പ്ര മേഖല കമ്മിറ്റി സംഘടിപ്പിച്ച കർഷക പ്രക്ഷോഭ സംഗമം ഉത്ഘാടനം ചെയ്തു.

16 ചാത്തൻകോട്ടുനട ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, കോഴിക്കോട് കടവ് റിസോർട്ട് സംഘടിപ്പിച്ച ഇഫ്ത്താർ വിരുന്നിൽ സംബന്ധിച്ചു.

17 രാവിലെ, പുല്ലൂരാംപാറ ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിക്കുന്ന വർക്കുവേണ്ടി വി. കുർബ്ബാന അർപ്പിച്ചു.

തോട്ടുമുക്കം വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോ ടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

18 രാവിലെ, ഈങ്ങാപ്പുഴ പ്രസന്റേഷൻ നോവിഷ്യേറ്റ് ഹൗസിൽ വി. കുർബാനയർപ്പിച്ചു.

കോടഞ്ചേരി വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോ ടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

19 രാവിലെ, രൂപതാഭവനിൽ, വി. യൗസേപ്പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ച്, തിരുന്നാൾ ആഘോഷിക്കുന്ന ബഹു. വൈദികരോടും ഭവനാംഗങ്ങളോടുമൊപ്പം ആഘോഷ ങ്ങളിൽ പങ്കെടുത്തു.

കോടഞ്ചേരി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ പുതുതായി നിർമ്മിച്ച വി. യൗസേപ്പിതാവന്റ ഗ്രോട്ടോ വെഞ്ച രിച്ചു.

കൂമംകുളം ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന വൈദിക മന്ദിരത്തിന്റെ അടിസ്ഥാന ശില വെഞ്ചരിച്ച് തറക്കല്ലിടുകയും വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ഈസ്റ്റ് ഹിൽ ഇടവകയിൽ പരേതയായ ഫിലോമിന തോമസ് തോലാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

കോഴിക്കോട്, ദീപിക റീജിയണൽ ഓഫീസിൽ ചേർന്ന കോഴിക്കോട് സോൺ ദീപിക സ്റ്റാഫ് അംഗങ്ങളുടെ യോഗത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

വൈകുന്നേരം, കോഴിക്കോട് സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് ലിയോൺസ് സന്യാസിനി ഭവന കപ്പേളയിൽ വി. യൗസേപ്പിതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്ന് നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

20 രാവിലെ, കൂടരഞ്ഞി സി.എം.സി. സന്യാസിനി ഭവന കപ്പേളയിൽ വി. കുർബാന അർപ്പിച്ചു.

കൂടരഞ്ഞി വൈദികമന്ദിരത്തിൽ തിരുവമ്പാടി ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവക ദൈവാലയത്തിൽ ബഹു. ജോൺസൻ കൊച്ചീലാത്ത് അച്ചന്റെ പിതൃസഹോദരൻ പരേതനായ ജോർജ്ജ് കൊച്ചീലാത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

21 വൈകുന്നേരം, താമരശ്ശേരി വ്യാപാര ഭവനിൽ നടന്ന ഇഫ്ത്താർ വിരുന്നിൽ പങ്കെടുത്തു.

22 ഉച്ചകഴിഞ്ഞ്, താമരശ്ശേരി രൂപതയ്ക്ക് വേണ്ടി റീജൻസി പരിശീലനത്തിലേക്ക് പ്രവേശിക്കുന്ന വൈദിക വിദ്യാർഥികളുമായി കൂടിക്കാഴ്ച നടത്തി.

വൈകുന്നേരം, കോട്ടൂളി സ്റ്റാർട്ടിൽ നടത്തിയ പ്രൊഫഷണൽ ഫൗണ്ടേഷൻ ട്രെയിനിംഗ് പ്രോഗ്രാമിന്റെ സമാപനത്തോടനുബന്ധിച്ച് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്ത് സർട്ടിഫിക്ക റ്റുകൾ വിതരണം ചെയ്തു.

23 രാവിലെ, കരിങ്ങാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം, മഞ്ഞക്കുന്ന് ഇടവകയിലെ വലിയ പാനോം കുരിശുപള്ളിയിൽ വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തിരുന്നാളാഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

24 രാവിലെ, മഞ്ഞക്കുന്ന് ഇടവകയിൽ വി. കുർബാന അർപ്പിച്ചു.

വിലങ്ങാട് വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദിക രുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദിക രോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

വൈകുന്നേരം, മരുതോങ്കര വൈദികമന്ദിരത്തിൽ ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

25 രാവിലെ, മരുതോങ്കര വൈദികമന്ദിരത്തിൽ വെച്ച് ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി.

ഉച്ചകഴിഞ്ഞ്, കുളത്തുവയൽ വൈദികമന്ദിരത്തിൽ കൂരാച്ചുണ്ട് ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തുകയും വൈദികരോടൊപ്പമുള്ള പൊതു സമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു.

26 രാവിലെ കുളത്തുവയൽ വൈദികമന്ദിരത്തിൽ വെച്ച് കൂരാച്ചുണ്ട് ഫൊറോനയിലെ വൈദികരുമായി വ്യക്തിപരമായി കൂടിക്കാഴ്ച നടത്തി.

27 താമരശ്ശേരി രൂപതയ്ക്കുവേണ്ടി തത്വശാസ്ത്ര പഠനത്തിനായി ഒരുങ്ങുന്ന മൈനർ സെമിനാരി വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി.

28 വൈകുന്നേരം, ചാപ്പൻതോട്ടം ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

കുണ്ടുതോട് ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെടുക്കുന്നവരെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

29 – 30 വെറ്റിലപ്പാറ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

29 രാവിലെ, കട്ടിപ്പാറ ഇടവകയിൽ ബഹു. ജോസഫ് ക്രിസ്റ്റി പള്ളിയോടിൽ അച്ചന്റെ പരേതയായ മാതാവ് പള്ളിയോടിൽ മേരി ജോസഫിന്റെ അഞ്ചാം ചരമ വാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30 വൈകുന്നേരം, കോഴിക്കോട് ഹോളി ക്രോസ് സന്യാസിനി സമൂഹ ഭവനത്തിൽ നവീകരിച്ച കപ്പേള വെഞ്ചരിച്ചു.

അശോകപുരം ഇടവകയിൽ, ഇടവക സ്ഥാപനത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബ്ബാന അർപ്പിക്കുകയും തുടർന്നുള്ള ജൂബിലി ആഘോഷങ്ങളിൽ സംബന്ധിക്കുകയും ചെയ്തു.

31 രാവിലെ, തിരുവമ്പാടി പാരീഷ് ഹാളിൽ നടന്ന താമരശ്ശേരി രൂപത പ്രോ – ലൈഫ് സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, പുതുപ്പാടി ഫിലിപ്പ്നേരി ജനറലേറ്റിൽ സന്യാസിനി കൾക്കായി ക്ലാസ്സെടുത്തു.



# POPE FRANCIS

## ENCYCLICAL LETTER

## *DILEXIT NOS* N. 49,50,51



Devotion to the heart of Christ is not the veneration of a single organ apart from the Person of Jesus. What we contemplate and adore is the whole Jesus Christ, the Son of God made man, represented by an image that accentuates his heart. That heart of flesh is seen as the privileged sign of the inmost being of the incarnate Son and his love, both divine and human. More than any other part of his body, the heart of Jesus is "the natural sign and symbol of his boundless love".

It is essential to realize that our relationship to the Person of Jesus Christ is one of friendship and adoration, drawn by the love represented under the image of his heart. We venerate that image, yet our worship is directed solely to the living Christ, in his divinity and his plenary humanity, so that we may be embraced by his human and divine love.

For this reason, it should never be imagined that this devotion may distract or separate us from Jesus and his love. In a natural and direct way, it points us to him and to him alone, who calls us to a precious friendship marked by dialogue, affection, trust and adoration. The Christ we see depicted with a pierced and burning heart is the same Christ who, for love of us, was born in Bethlehem, passed through Galilee healing the sick, embracing sinners and showing mercy. The same Christ who loved us to the very end, opening wide his arms on the cross, who then rose from the dead and now lives among us in glory.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 29-03-2025 |





Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 04, April 2025, Pages 76.